# റബ്ബർ

ഫെബ്രുവരി 2023 • വാർഷികവരിസംഖ്യ ₹100

- റബ്ബർകൃഷി: പ്രതിസന്ധികളും പ്രതീക്ഷകളും
- പദ്മപ്രസാദം
- വൈകിട്ടെന്താ പരിപാടി ?
- അസമിലെ സംരംഭകത്വസാധ്യതകൾ
- വേനൽകാലത്തും ടാപ്പുചെയ്യാം





CHEERAKUZHY
Wonder Root™
ROOT TRAINER RU BBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ. സി. കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി®
CHEERAKUZHY
Karshakasree K C Kuriakose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com


UNION MKD

# ഉള്ളടക്കം


06 | റബ്ബർബോർഡുയോഗം

10 | റബ്ബർകൃഷി: പ്രതിസന്ധികളും പ്രതീക്ഷകളും

15 | പദ്മപ്രസാദം

19 | വൈകിട്ടെന്താ പരിപാടി?

23 | റബ്ബർനഴ്സറി - അസമിലെ സംരംഭകത്വസാധ്യതകൾ

26 | ഇടവേളകൂട്ടി വേനൽകാലത്തും ടാപ്പുചെയ്യാം

29 | റബ്ബർചരിത്രം

33 | കാംപെയ്ൻ 2022

34 | കൃഷിപ്പണികൾ

36 | കോൾസെന്റർ

38 | പരിശീലനപരിപാടികൾ

40 | വിപണി

42 | തോട്ടത്തിലാശാൻ





681

# റബ്ബർ

ഫെബ്രുവരി 2023



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**ഡോ. കെ.എൻ. രാഘവൻ**

എഡിറ്റർ:
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ:
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# പരിപാലനങ്ങൾ തുടരണം


റബ്ബർവിലയിൽ മാറ്റങ്ങളുണ്ടാകുമെന്ന പ്രതീക്ഷയിലാണ് കർഷകർ. വിപണിയിൽ ചെറിയ മാറ്റങ്ങൾ കണ്ടുതുടങ്ങിട്ടുണ്ടെന്നത് ശുഭസൂചകമായി കരുതാം. എന്നാൽ, കോവിഡ് മഹാമാരിക്കുശേഷം വിവിധമേഖലകളിലെ അനിശ്ചിതത്വം പ്രവചനാതീതമായിത്തന്നെ തുടരുന്നത് റബ്ബർമേഖലയ്ക്കും ഗുണകരമല്ല. റബ്ബർകൃഷിയിൽ മുൻകാലങ്ങളിലുണ്ടായിട്ടുള്ള പ്രതിസന്ധികളെല്ലാം ചെറിയ കാലയളവിലേക്ക് മാത്രമേ നീണ്ടുനിന്നിട്ടുള്ളൂ. അതുകൊണ്ടുതന്നെ കർഷകർ വിളവെടുപ്പിൽനിന്ന് വിട്ടുനിൽക്കുകയോ പരിപാലനങ്ങളിൽ കുറവ് വരുത്തുകയോ ചെയ്യാറില്ല. അത്തരമൊരു സമീപനം എടുത്തിരുന്നതുകൊണ്ട് മാത്രമാണ് അവർക്ക് ഇപ്പോഴും കൃഷിയിൽ തുടരാൻ കഴിയുന്നത്.

പലയിടങ്ങളിലും വേനൽ മഴ പെയ്യുന്നുണ്ട്. ഇലരോഗങ്ങളുടെ വ്യാപനത്തിനുള്ള സാധ്യത കൂടുതലാണ്. കഴിഞ്ഞ വർഷത്തെ സ്ഥിതിയും ഇതുതന്നെ ആയിരുന്നു. മരുന്ന് തളിക്കാതിരുന്ന തോട്ടങ്ങളിൽ രോഗംവന്ന് ഇലകൊഴിഞ്ഞശേഷം വന്ന തളിരിലകളിൽ വീണ്ടും രോഗബാധ ഉണ്ടായതിനാൽ ഇലകൾ നശിക്കുകയും ഉത്പാദനക്കുറവുമൂലം ടാപ്പിങ് തുടരാൻ കഴിയാതെ വരികയും ചെയ്തിരുന്നു. അത്തരം സാഹചര്യം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

ആവർത്തനക്കൃഷി ചെയ്യേണ്ട തോട്ടങ്ങളിൽ അതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതുണ്ട്. ഇടയകലം, നടീലിനം, ഇടവിളകൾ തുടങ്ങിയവയെക്കുറിച്ചൊക്കെ മുൻധാരണ ഉണ്ടാകുന്നത് നന്നായിരിക്കും.

ഇത്തവണ പദ്മശ്രീ പുരസ്കാരം നേടിയവരിൽ ഒരാൾ റബ്ബർബോർഡിലെ മുൻ ഉദ്യോഗസ്ഥനായിരുന്ന എസ്.ആർ.ഡി. പ്രസാദ് ആണ്. റബ്ബർമാസികയുടെ സ്നേഹാദരങ്ങൾ അറിയിക്കുന്നു.

– എഡിറ്റർ



# കരുതലോടെ തുടരാം

റബ്ബർവിലയുടെ കാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വ്യത്യസ്തമായ ഒരു സാഹചര്യമാണ് കർഷകർ നേരിട്ടുകൊണ്ടിരിക്കുന്നത്. ഇത്രയും ദൈർഘ്യമേറിയ ഒരു കാലയളവിലേക്ക് കുറഞ്ഞ വില തുടരുക പതിവല്ല. ഇപ്പോൾ ചെറിയ ഒരു മാറ്റം വിപണിയിൽ ദൃശ്യമാണെങ്കിലും എത്രമാത്രം മെച്ചപ്പെട്ടേക്കാം എന്നത് പ്രവചിക്കുക പ്രയാസമാണ്. ടാപ്പിങ് സീസൺ ഏതാണ്ട് അവസാനിക്കാറായ ഈ സമയത്ത് വില കൂടിയാലും വേനൽകാലത്ത് വിളവെടുപ്പ് തുടരുന്ന കർഷകർക്ക് മാത്രമേ അതിന്റെ പ്രയോജനം ലഭിക്കൂ.

കാലാവസ്ഥയിലെ വ്യതിയാനം ഇപ്പോൾ തന്നെ അനുഭവപ്പെട്ടു തുടങ്ങി. ഇതെഴുതുമ്പോൾ കേരളത്തിൽ പലയിടങ്ങളിലും, പ്രത്യേകിച്ച് തെക്കൻ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട മഴ പെയ്തിട്ടുണ്ട്. പകൽ നല്ല ചൂട് അനുഭവപ്പെടുന്ന ഈ കാലാവസ്ഥയിൽ പെട്ടെന്ന് മഴ പെയ്യുന്നത് റബ്ബർതോട്ടങ്ങളിൽ രോഗവ്യാപനത്തിന് ഇടയാക്കിയേക്കാം. ഇപ്പോൾ തന്നെ വടക്കൻ കേരളത്തിലും കർണ്ണാടകത്തിലും ചില തോട്ടങ്ങളിൽ കൊറിനിസ്പോറ പോലെയുള്ള ഇലരോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആവശ്യമായ പ്രതിരോധനടപടികൾ സ്വീകരിച്ചാൽ മാത്രമേ മരങ്ങളുടെ ആരോഗ്യം നിലനിർത്താൻ കഴിയൂ.

കാലാവസ്ഥയിലെ അനിശ്ചിതത്വങ്ങൾ തുടരുമെന്നുതന്നെവേണം പ്രതീക്ഷിക്കാൻ. മരങ്ങളിൽ റെയിൻ ഗാർഡിങ് നടത്തേണ്ടതായി വരും. റബ്ബർ ടാപ്പർ ഗ്രൂപ്പുകൾ ഉള്ള റബ്ബറുത്പാദകസംഘങ്ങൾക്ക് ബോർഡിന്റെ പങ്കാളിത്തമുള്ള കമ്പനികളുടെ സഹായത്തോടെ റെയിൻഗാർഡിങ് സാമഗ്രികൾ വാങ്ങി സൂക്ഷിച്ചാൽ ആവശ്യമുള്ള മുറയ്ക്ക് മരങ്ങൾ റെയിൻഗാർഡ് ചെയ്തു തുടങ്ങാം. ഇത്തവണ റെയിൻഗാർഡിങ് നടത്തി വിളവെടുത്തുകൊണ്ടിരുന്ന കർഷകർക്ക് ടാപ്പിങ്ദിനങ്ങളിൽ കുറവുണ്ടായിട്ടില്ല. റബ്ബർവില കുറഞ്ഞുനിൽക്കുമ്പോൾ ഉത്പാദനനഷ്ടം ഉണ്ടാകാതെ വിളവെടുത്ത കർഷകർക്ക് മാത്രമേ ഒരു വർഷത്തെ വരുമാനം കണക്കാക്കുമ്പോൾ ആശ്വാസത്തിന് വകയുള്ളൂ. അതുകൊണ്ടാണ് റെയിൻഗാർഡിങ് തുടരണമെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നത്.

സമൂഹ റബ്ബർസംസ്കരണശാലകളും റബ്ബർസംഭരണത്തിന് സൗകര്യങ്ങളുമുള്ള സംഘങ്ങൾക്ക് റബ്ബറിന്റെ ഇ-വിപണനസംവിധാനം നേരിട്ട് പ്രയോജനപ്പെടുത്താവുന്നതാണ്. ബോർഡിന്റെ കമ്പനികൾ വഴി വിപണനം നടത്തുന്ന സംഘങ്ങൾക്ക് മെച്ചപ്പെട്ട വില കിട്ടുന്നുണ്ടായിരിക്കാം. എന്നാൽ, സ്വകാര്യമേഖലയ്ക്ക് നേരിട്ട് റബ്ബർ നൽകുന്ന സംഘങ്ങൾക്ക് ഇ-വിപണനസംവിധാനം ഏറെ പ്രയോജനപ്പെടുത്താൻ കഴിയും. നേരിട്ട് വിൽപന നടത്തുന്നതിലൂടെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും പരമാവധി മെച്ചപ്പെട്ട വില കർഷകർക്ക് നേടിക്കൊടുക്കാനും കഴിയും. ഉത്പന്നത്തിന്റെ ഗുണമേന്മയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കണമെന്ന് മാത്രം. കംപ്യൂട്ടർ പരിജ്ഞാനമുള്ള ആരുടെയെങ്കിലും സഹായമുണ്ടെങ്കിൽ ഏതു സംഘത്തിനും ഇ- വിപണനത്തിൽ ഏർപ്പെടാൻ കഴിയും.

റബ്ബർവിലയുടെ കാര്യത്തിലായാലും കാലാവസ്ഥയുടെ കാര്യത്തിലായാലും കർഷകർക്ക് ഏറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടതായ ഒരു സാഹചര്യമാണ് മുന്നിലുള്ളത്. റബ്ബർ കൃഷിയുടെ മുൻകാലചരിത്രം പരിശോധിച്ചാൽ എക്കാലത്തും അത്തരം അവസ്ഥകളെ കർഷകർ അതിജീവിച്ചിട്ടുള്ളതായി കാണാം. പരിപാലനമുറകളിൽ മുടക്കം വരുത്താതെ റബ്ബർ കൃഷിയെ നിലനിർത്തുക എന്നതാണ് ഇപ്പോൾ ചെയ്യാൻ കഴിയുക.

ആശംസകളോടെ

ഡോ. കെ.എൻ. രാഘവൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്


THE RUBBER BOARD
Azadi Ka Amrit Mahotsav



# റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി ശ്രമങ്ങൾ തുടരും

**- ഡോ. സാവർ ധനാനിയ**

റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി അനുബന്ധ മേഖലകളുടെ സഹകരണത്തോടെ സാധ്യമായ ശ്രമങ്ങൾ തുടരുമെന്ന് റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ പറഞ്ഞു. റബ്ബർവില കുറഞ്ഞുനിൽക്കുന്ന സാഹചര്യത്തിൽ കർഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടാണ് കേന്ദ്രസർക്കാർ സ്ക്രാപ്പുറബ്ബറിന്റെ ഇറക്കുമതി നിരോധിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്. കോമ്പൗണ്ടഡ് റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം ഉയർത്തുന്നതിന് ഗവണ്മെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്. റബ്ബറുത്പാദക സംഘങ്ങളിൽ ആധുനികസൗകര്യങ്ങളോടുകൂടിയ സംഭരണശാലകൾ ഉണ്ടെങ്കിൽ വില കുറയുമ്പോൾ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ വിൽക്കാതെ വിപണി മെച്ചപ്പെടുന്നതുവരെ സൂക്ഷിക്കാൻ കഴിയും. ഫർണിച്ചർ ആന്റ് ഫിറ്റിങ്സ് സ്കിൽ കൗൺസിലിന്റെ സഹായത്തോടെ പുതിയ സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ റബ്ബർതടിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. റബ്ബറിന്റെ മൂല്യവർദ്ധനയ്ക്കായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ ആരംഭിക്കുന്നതിന് മുന്നോടിയായി കർഷകസമ്പർക്കയോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വികസനത്തിനായി വിവിധ മേഖലകളിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച്, കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസേർച്ച്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസേർച്ച് ആന്റ് എജ്യൂക്കേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ധാരണയിലെത്തണമെന്നും ഡോ. ധനാനിയ പറഞ്ഞു. കോട്ടയത്ത് 183-ാമത് റബ്ബർബോർഡ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.





പ്രകൃതിദത്തറബ്ബറുമായി ബന്ധപ്പെട്ട് 2022 ഏപ്രിൽ –നവംബർ കാലയളവിലെ ആഭ്യന്തരസ്ഥിതിവിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. യോഗത്തിൽ അവതരിപ്പിച്ചു. ഈ കാലയളവിലെ റബ്ബറുത്പാദനം 517,000 ടൺ ആണ്. കഴിഞ്ഞ ഇതേ കാലയളവിനെ അപേക്ഷിച്ച് 14.9 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റെയിൻഗാർഡിങ്, രോഗ നിയന്ത്രണം തുടങ്ങിയ നടപടികൾ കൃത്യമായി നടപ്പാക്കിയതും കൂടുതൽ തോട്ടങ്ങളിൽ വിളവെടുപ്പ് പുനരാരംഭിക്കാൻ കഴിഞ്ഞതുമാണ് ഉത്പാദനം മെച്ചപ്പെടാൻ കാരണമായിട്ടുള്ളത്. 898,000 ടണ്ണായിരുന്നു ഏപ്രിൽ–നവംബർ മാസങ്ങളിലെ റബ്ബറുപഭോഗം. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലേതിനെ അപേക്ഷിച്ച് 8.6 ശതമാനം കൂടുതലാണിത്. ടയർമേഖലയിൽ ഏപ്രിൽ–നവംബർ കാലയളവിൽ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 4.4 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ടയറിതര ഉത്പന്ന





ങ്ങളുടെ നിർമ്മാണമേഖല 20.2 ശതമാനം വളർച്ച രേഖപ്പെടുത്തിയിരിക്കുന്നു. ഈ കാലയളവിലെ റബ്ബറുപഭോഗത്തിന്റെ 71 ശതമാനവും ടയർനിർമ്മാണമേഖലയിലാണ്. 2022-23 -ലെ ഉത്പാദനം 830,000 ടണ്ണും ഉപഭോഗം 1310,000 ടണ്ണും ആയിരിക്കുമെന്നാണ് ഇപ്പോഴത്തെ പ്രതീക്ഷ. കഴിഞ്ഞ വർഷം ഏപ്രിൽ- നവംബർ കാലയളവിൽ 343,604 ടൺ റബ്ബർ ഇറക്കുമതി ചെയ്തിരുന്നു. ഈ വർഷം ഇതേ കാലയളവിലെ ഇറക്കുമതി 378,481 ടണ്ണായി വർദ്ധിച്ചു. ഇറക്കുമതിയുടെ 89 ശതമാനവും ബ്ലോക്കുറബ്ബറിന്റെ രൂപത്തിലായിരുന്നുവെന്നും ഡോ. രാഘവൻ വിശദീകരിച്ചു.

കെ.എ. ഉണ്ണിക്കൃഷ്ണൻ (വൈസ് ചെയർമാൻ), എൻ.കെ. പ്രേമചന്ദ്രൻ എം.പി. (ലോകസഭ), വിനയ് ദിനു ടെണ്ടുൽക്കർ എം.പി. (രാജ്യസഭ), പ്രസെൻജിത് ബിശ്വാസ് ഐ.എഫ്.എസ്. (റിട്ട.), പി. രവീന്ദ്രൻ, സി. എസ്. സോമൻ പിള്ള, അനിൽ കുമാർ ജി., എൻ. ഹരി, കോരാ സി. ജോർജ്ജ്, എം. പി. രാജീവൻ, ടി.പി. ജോർജുകുട്ടി, കേഷവ ഭട്ട് മൂലിയ എന്നിവർ യോഗത്തിൽ പങ്കെടുത്തു. •





ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ

# റബ്ബർകൃഷി: പ്രതിസന്ധികളും പ്രതീക്ഷകളും

**വികസിതരാജ്യങ്ങളിലെ വ്യാവസായികപുരോഗതി നിരീക്ഷിച്ചാൽ പ്രകൃതിദത്തറബ്ബറിന്റെ ആവശ്യകത അനുദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത് എന്ന് കാണാം. രാജ്യാന്തരതലത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനിയെ നിലനിൽക്കാൻ കഴിയുന്ന തരത്തിൽ റബ്ബർ ഉത്പാദകരെയും തൊഴിലാളികളെയും സുശക്തരാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണ് ഇപ്പോൾ ചിന്തിക്കേണ്ടത്. വിവരസാങ്കേതികവിദ്യകളിലും മാനേജ്മെന്റ് തലങ്ങളിലുമെല്ലാം പുതുതലമുറയുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി എങ്ങനെ നേട്ടം കൈവരിക്കാമെന്നതിനെക്കുറിച്ച് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

കേരളത്തിന്റെ കാർഷികപുരോഗതിയിലും സാമ്പത്തികവളർച്ചയിലും മുഖ്യ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന ഒരു വിളയാണ് റബ്ബർ. ഇന്ന് കേരളത്തിലെ മാത്രമല്ല, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ അടക്കം റബ്ബർ കൃഷി ചെയ്യുന്ന പ്രദേശങ്ങളിലെല്ലാമുള്ള കർഷകരുടെ പ്രധാന കാർഷികവരുമാനം റബ്ബറിൽ നിന്നാണ്. വലിയ തോതിൽ ഈ കൃഷിയെ മാത്രം ആശ്രയിച്ച് ജീവിതമാർഗ്ഗം കണ്ടെത്തുന്നവരാണ് അതിൽ ഏറെ പേരും. റബ്ബർവില കുറയുമ്പോൾ റബ്ബർകൃഷിയുടെ ഭാവിയെക്കുറിച്ചും റബ്ബർബോർഡിന്റെ പ്രസക്തിയെക്കുറിച്ചുമെല്ലാം ഏറെ ചർച്ച ചെയ്യപ്പെടുന്നതും അതുകൊണ്ടുതന്നെയാണ്. ഇതൊരു ദീർഘകാലവിളയായതിനാൽ പെട്ടെന്ന് മറ്റൊരു വിളയിലേക്കുള്ള മാറ്റം എളുപ്പമല്ല. ഇപ്പോഴത്തെ പ്രതിസന്ധികൾ എന്താണെന്ന് മനസ്സിലാക്കുകയും സാധ്യമായ ആശ്വാസനടപടികൾ കൈക്കൊള്ളുകയും അനുകൂലമായ മാറ്റങ്ങൾക്കുവേണ്ടി കാത്തിരിക്കുകയും ചെയ്യുക എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുക.

വികസിതരാജ്യങ്ങളിലെ വ്യാവസായികപുരോഗതി നിരീക്ഷിച്ചാൽ പ്രകൃതിദത്തറബ്ബറിന്റെ ആവശ്യകത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി കാണാം. പ്രധാന റബ്ബറുത്പാദകരാജ്യങ്ങളിലൊന്നായ ഇന്ത്യയുടെ ആഭ്യന്തര ഉപയോഗത്തിന് വേണ്ട റബ്ബർ ഇപ്പോൾ തന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നില്ല. പാരിസ്ഥിതികമായ പരിഗണനകൾ കൂടി കണക്കിലെടുക്കുമ്പോൾ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനം തുടരാതിരിക്കാൻ




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ റബ്ബർപ്രൊഡക്ട്സ് ഇൻകുബേഷൻ സെന്റർ ഉദ്ഘാടനം ചെയ്ത വേളയിലെ ദൃശ്യം*

കഴിയില്ല. നമ്മുടെ രാജ്യത്തെ റബ്ബർകൃഷിയുടെ സ്ഥിതി വിവരങ്ങൾ പരിശോധിക്കുമ്പോൾ മൊത്തം കൃഷിയുടെ 91 ശതമാനത്തോളം ചെറുകിടത്തോട്ടങ്ങളാണെന്ന് കാണാം. റബ്ബറുത്പാദനത്തിലുള്ള അവരുടെ വിഹിതം 92 ശതമാനത്തിലധികം വരും. അതിൽ വലിയൊരു പങ്ക് കേരളത്തിലെ ചെറുകിടകർഷകരുടേതാണ്. കേരള മടക്കമുള്ള പരമ്പരാഗതമേഖലകളിലെ ചെറുകിടകർഷകരെ ഒഴിവാക്കിക്കൊണ്ട് ഒരു വികസനവും സാധ്യമല്ല. റബ്ബർബോർഡ് പദ്ധതികളെല്ലാം തയ്യാറാക്കുന്നത് അത്തരത്തിലുള്ള കാഴ്ചപ്പാടോടുകൂടിത്തന്നെയാണ്. ഇക്കാര്യത്തിൽ കർഷകർ ഒരിക്കലും ആശങ്കപ്പെടേണ്ടതില്ല.

## റബ്ബർകർഷകർക്കുള്ള ധനസഹായം

കേരളത്തിൽ ആവർത്തനക്കൃഷിയും പുതുക്കൃഷിയും ചെയ്യുന്ന ചെറുകിടറബ്ബർകർഷകർക്ക് 2017 മുതൽ തുടർച്ചയായി ധനസഹായം നൽകിക്കൊണ്ടാണിരിക്കുന്നത്. ഇത് കൂടാതെ കേരളത്തിലെ റബ്ബർകർഷകരെ സഹായിക്കുന്നതിനായി റെയിൻഗാർഡിങ്, രോഗനിയന്ത്രണം, റബ്ബറുത്പാദനം കൂട്ടുന്നതിനുള്ള പദ്ധതി, ഷീറ്റുറബ്ബർ ഉത്പാദിപ്പിക്കുന്നവർക്കുള്ള പ്രോത്സാഹനപദ്ധതി, വനിതാശാക്തീകരണം, ടാപ്പർ ഗ്രൂപ്പുകളുടെ രൂപവത്കരണത്തിനുള്ള സഹായം എന്നിങ്ങനെ വിവിധ സഹായങ്ങളും റബ്ബർബോർഡ് തുടരുന്നുണ്ട്. ഇവിടുത്തെ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം പ്രകൃതിദത്തറബ്ബറിന്റെ ആവശ്യകതയിൽ വരുംവർഷങ്ങളിൽ ഉണ്ടാകാവുന്ന വർദ്ധന മുന്നിൽകണ്ടുകൊണ്ടുകൂടിയാണ് വടക്കുകിഴക്കൻ പ്രദേശങ്ങളിൽ പുതുക്കൃഷിക്ക് തയ്യാറാകുന്നത്. ആഭ്യന്തരാവശ്യങ്ങൾക്കുള്ള റബ്ബറിന്റെ കമ്മി വർദ്ധിക്കുന്നതുകൊണ്ട് ഇറക്കുമതി കൂടുക മാത്രമായിരിക്കും ഫലം. ഉത്പാദനം കുറയ്ക്കുന്നതിനുള്ള ഏതൊരു നീക്കവും കർഷകർക്ക് തിരിച്ചടിയാകും. അതുകൊണ്ടാണ് വില കുറയുമ്പോഴും ഉത്പാദനം കുറയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യരുതെന്ന് ബോർഡ് കർഷകരോട് നിരന്തരം ആവശ്യപ്പെടുന്നത്.

## റബ്ബർബോർഡിന്റെ പ്രസക്തി

ഇന്ന് കേരളത്തിലെ റബ്ബർകർഷകർ അസംഘടിതരാണെന്ന് പറയാൻ കഴിയില്ല. അവരുടെ ശരാശരി കൃഷി വിസ്തൃതി 0.57 ഹെക്ടർ മാത്രമാണെങ്കിലും 2550 റബ്ബറുത്പാദകസംഘങ്ങളും 661 സ്വയം സഹായസംഘങ്ങളുമുള്ള വലിയൊരു കൂട്ടായ്മയാണത്. 348 സമൂഹ റബ്ബർസംസ്കരണശാലകളും റബ്ബർബോർഡ് പങ്കാളിത്തമുള്ള 17 കമ്പനികളും സംസ്കരണ-വിപണനമേഖലകളിൽ അവർക്ക് കരുത്ത് പകരുന്നു. റബ്ബർമേഖലയിൽ ഉണ്ടാകുന്ന ഏത് വെല്ലുവിളികളെയും സമർത്ഥമായി നേരിടുന്നതിന് ഏതുസമയത്തും ഉപയുക്തമാക്കാവുന്ന ഈ ഒരു സംവിധാനം റബ്ബർബോർഡ് തന്നെ ഒരുക്കിയതാണ്. കാർഷികവിളകളെല്ലാം പലവിധ പ്രതിസന്ധികൾ നേരിടുന്നുണ്ട്. കാലാവസ്ഥാവ്യതിയാനവും വിലയിടിവും എല്ലാം അക്കൂട്ടത്തിൽ പെടും. മാറ്റങ്ങൾ കൃഷിയിലും ആവശ്യമാണ്. കർഷകർക്ക് ധനസഹായം നൽകിയോ വിളകളുടെ വിപണനനിയന്ത്രണത്തിന് നിയമനിർമ്മാണം നടത്തിയോ ഏറെക്കാലം സംരക്ഷണം നൽകാൻ കഴിയില്ല. രാജ്യാന്തരതലത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനിയെ നിലനിൽക്കാൻ കഴിയുന്ന തരത്തിൽ റബ്ബറുത്പാദകരെയും തൊഴിലാളികളെയും സുശക്തരാക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണ് ഇപ്പോൾ ചിന്തിക്കേണ്ടത്. അതിനുള്ള ഏതു മാർഗ്ഗത്തിലേക്ക് എത്തണമെങ്കിലും വിവരസാങ്കേതികവിദ്യകളിലും മാനേജ്മെന്റ് തലങ്ങളിലുമെല്ലാം പുതിയ ചിന്തകളും സമീപനങ്ങളും ആവശ്യമായി വരും. പുതുതലമുറയുടെ പിന്തുണയും പങ്കാളിത്തവുമില്ലാതെ റബ്ബറടക്കുള്ള കാർഷികമേഖലയിൽ മാറ്റങ്ങളുണ്ടാക്കുക സാധ്യമല്ല. അടിസ്ഥാനസൗ



*സമൂഹറബ്ബർസംസ്കരണശാലയിലെ ഷീറ്റുറബ്ബർ നിർമ്മാണം*

കര്യങ്ങൾ, പുതിയ സാങ്കേതികവിദ്യകൾ, പരിശീലനങ്ങൾ എന്നിവയെല്ലാം അതിന്റെ ഭാഗമായി വേണ്ടിവരും. ലോകത്തിലെ തന്നെ മെച്ചപ്പെട്ട ഗവേഷണ-പരിശീലന സൗകര്യങ്ങളും വിജ്ഞാനവ്യാപനസംവിധാനങ്ങളും ഉള്ള റബ്ബർബോർഡിന്റെ പ്രസക്തി നിലനിർത്തുന്നതും അതുതന്നെയാണ്.

### മാറ്റങ്ങൾ ആവശ്യം

കൃഷിമേഖലയുടെ സുസ്ഥിരതയെക്കുറിച്ച് ചിന്തിക്കുമ്പോൾ തുല്യപ്രാധാന്യം നൽകേണ്ടത് അതുമായി ബന്ധപ്പെട്ട തൊഴിൽമേഖലയുടെ നിലനിൽപിനെക്കുറിച്ചാണ്. ദിവസേന നാലര ലക്ഷത്തിലധികം ആളുകൾക്ക് പ്രത്യക്ഷമായും ലക്ഷക്കണക്കിന് ആളുകൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന ഈ മേഖലയുടെ നിലനിൽപ് ഉറപ്പാക്കേണ്ടതുണ്ട്. റബ്ബർബോർഡ് നൽകുന്ന തൊഴിലാളിക്ഷേമപദ്ധതികൾ മാത്രമാണ് അവരുടെ ഏക ആശ്വാസം. തൊഴിൽസ്ഥിരത, മെച്ചപ്പെട്ട വേതനം, സാമൂഹികസുരക്ഷ, തൊഴിൽ മാന്യത, യന്ത്രവത്കരണം, പെൻഷൻ പദ്ധതികൾ, ഡിജിറ്റലൈസേഷൻ സാധ്യതകൾ തുടങ്ങി പുതിയ തലമുറയിൽപെട്ടവർക്ക് ആകർഷകമാകുന്ന രീതിയിൽ റബ്ബർടാപ്പിങ് അടക്കമുള്ള തൊഴിൽമേഖലകളിൽ മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങൾ റബ്ബർബോർഡ് ആരംഭിച്ചുകഴിഞ്ഞു. റബ്ബർകർഷകരുടെ കാര്യത്തിലും ഇത്തരത്തിൽ പുതിയ സമീപനങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ ചെറുപ്പക്കാർ കൃഷിയിലേക്ക് തിരിയാൻ താൽപര്യം കാണിക്കൂ. ഇതെല്ലാം യാഥാർത്ഥ്യമാകണമെങ്കിൽ റബ്ബറുത്പാദകസംഘങ്ങളിൽ യുവജനപങ്കാളിത്തം ഉറപ്പാക്കാൻ കഴിയണം.



### മൂല്യവർദ്ധന

ചെറുകിടകർഷകർക്ക് നേരിട്ട് ഏർപ്പെടാൻ കഴിയുന്ന ഒരു മേഖലയാണ് ടയറിതര റബ്ബറുത്പന്നനിർമ്മാണം. ഇത്തരത്തിലുള്ള ഉത്പന്നങ്ങൾ എം.എസ്. എം.ഇ. മേഖലയിൽ കുറഞ്ഞ മുടക്കുമുതലിൽ നിർമ്മിക്കാൻ കഴിയും. ഗുണമേന്മ ഉറപ്പാക്കുന്നവർക്ക് കയറ്റുമതിസാധ്യതകളും ഏറെയാണ്. റബ്ബറുത്പാദകസംഘങ്ങളിലെ ചെറുപ്പക്കാരായ കർഷകർ അത്തരത്തിലുള്ള ഉത്പന്നനിർമ്മാണത്തിലേക്ക് തിരിഞ്ഞാൽ അവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്താനും വരുമാനം ഉറപ്പാക്കാനും കഴിയും. ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ വിപണി സുരക്ഷിതമാകുകയും ചെയ്യും. ഇതിന്റെയെല്ലാം പ്രയോജനം ആത്യന്തികമായി ലഭിക്കുക ചെറുകിടറബ്ബർകർഷകർക്കു തന്നെയാകും. മൂല്യവർദ്ധനയുടെ ഭാഗമായി ഉത്പന്നനിർമ്മാണം അടക്കമുള്ള ഏത് പുതിയ സംരംഭങ്ങൾക്കും ആവശ്യമായ ആധുനികസാങ്കേതികവിദ്യകളും അടിസ്ഥാനസൗകര്യങ്ങളും പരിശീലനങ്ങളും നൽകാൻ റബ്ബർബോർഡിന്റെ റബ്ബർ പ്രോഡക്ട്സ് ഇൻകുബേഷൻ സെന്റർ, അഡ്വാൻസ്ഡ് മോളിക്യുലാർ ലാബ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് തുടങ്ങിയ സംവിധാനങ്ങൾക്ക് കഴിയും.

### പുതിയ സമീപനങ്ങൾ

അധികവരുമാനത്തിന് സാധ്യമാകുന്ന ഏതു മാർഗ്ഗവും നടപ്പാക്കുന്നതിന് റബ്ബർകർഷകർ എപ്പോഴും തയ്യാറാണ്. എന്നാൽ, കാർബൺ ട്രേഡിങ്, സുസ്ഥിരതാ



*ഇൻകുബേഷൻസെന്ററിലെ ആധുനിക ഉപകരണങ്ങൾ*

സർട്ടിഫിക്കേഷൻ തുടങ്ങി റബ്ബർകർഷകർക്ക് നേരിട്ട് പ്രയോജനം ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ പുതുതായി നടന്നുകൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള പദ്ധതികളുടെ പ്രയോജനം കർഷകർക്ക് ലഭിക്കണമെങ്കിൽ റബ്ബർകൃഷിയുമായി ബന്ധപ്പെട്ട പലവിധ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യാന്തര ഏജൻസികൾക്ക് സമർപ്പിക്കേണ്ടിവരും. അതിന് ഡിജിറ്റൽ സാങ്കേതികവിദ്യകൾ നന്നായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ പലപ്പോഴും സംഘങ്ങളിൽ മാത്രമായിരിക്കും ഉണ്ടാകുക. അവ പ്രയോജനപ്പെടുത്തണമെങ്കിലും വിവരസാങ്കേതികവിദ്യകളിൽ പ്രാവീണ്യമുള്ള യുവജനങ്ങളുടെ പങ്കാളിത്തം ആവശ്യമായിവരും.

### റബ്ബർകൃഷിയും അന്താരാഷ്ട്രകരാറുകളും

റബ്ബർമേഖലയിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ പലപ്പോഴും ആദ്യമുയരുന്ന വിഷയം ആസിയാൻ കരാറാണ്. കേന്ദ്രസർക്കാർ ഇതുവരെ ഒപ്പുവെച്ചിട്ടുള്ള എല്ലാ കരാറുകളിലും പ്രകൃതിദത്തറബ്ബറിനെ സ്വതന്ത്ര വ്യാപാരത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള ചരക്കുകളുടെ ഗണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതുവരെ ഏർപ്പെട്ടിട്ടുള്ള ഏറ്റവും വലിയ വ്യാപാരക്കരാറുകളിൽ ഒന്നായ ആസിയാൻ കരാറിലും പ്രകൃതിദത്തറബ്ബർ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ ഏതെങ്കിലും രാജ്യത്തുനിന്ന് റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് ധനസഹായമോ പ്രത്യേക ആനുകൂല്യങ്ങളോ ഒന്നും ഗവണ്മെന്റ് നൽകുന്നുമില്ല. അതുകൊണ്ടുതന്നെ റബ്ബർവിലയിലെ കുറവും ഇപ്പോഴത്തെ പ്രശ്നങ്ങളും വ്യാപാരക്കരാറുകളുടെ മാത്രം അടിസ്ഥാനത്തിൽ വിലയിരുത്തുന്നത് വസ്തുതാപരമാവില്ല. ആഗോളീകരണത്തിന്റെ ഭാഗമായുള്ള ഉദാരവത്കരണങ്ങളിൽനിന്ന് റബ്ബർ അടക്കമുള്ള കാർഷികവിളകൾക്കൊന്നും വിട്ടുനിൽക്കാൻ കഴിയില്ല. അന്താരാഷ്ട്രനയങ്ങളുടെ ഭാഗമായി തുടരുമ്പോൾ തന്നെ രാജ്യത്തെ വിവിധ സാഹചര്യങ്ങൾക്കനുസരിച്ച് റബ്ബർകൃഷിവ്യവസായത്തെ നിലനിർത്തുന്നതിനുള്ള ശ്രമങ്ങളാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. റബ്ബറിന്റെ ഉത്പാദന-ഉപഭോഗമേഖലകളിൽ ആഭ്യന്തരമായ സംന്തുലനം പാലിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ വിദേശവിപണികളിലെ നമ്മുടെ സാന്നിദ്ധ്യത്തിനുള്ള സാധ്യതകളെക്കുറിച്ച് ചിന്തിക്കാൻ കഴിയൂ. മറിച്ചു സംഭവിക്കുമ്പോഴാണ് ഇത്തരം കരാറുകൾ ദോഷം ചെയ്യുക.

### റബ്ബറുത്പാദകസംഘങ്ങൾ

റബ്ബർകൃഷി, സംസ്കരണം, വിപണനം, മൂല്യവർദ്ധന, ഇതരവരുമാനമാർഗ്ഗങ്ങൾ തുടങ്ങി റബ്ബറുമായി ബന്ധപ്പെട്ട ഏത് മേഖലയിലായാലും കാലോചിതമായ മാറ്റങ്ങൾ വരുത്തണമെങ്കിൽ സംഘടിതമായ ഒരു വിഭാഗത്തിന് മാത്രമേ ആവശ്യമായ മൂലധനമോ സാങ്കേതികസൗകര്യമോ സ്വരൂപിക്കാൻ കഴിയൂ. റബ്ബർകർഷകരെ സംബന്ധിച്ചിടത്തോളം റബ്ബറുത്പാദകസംഘങ്ങൾ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ഇടങ്ങളിലൊന്നും അതിനൊരു ബുദ്ധിമുട്ട് ഉണ്ടാകില്ല എന്നത് ഉറപ്പാണ്. അതുകൊണ്ടാണ് റബ്ബറുത്പാദകസംഘങ്ങളുടെ ശാക്തീകരണം ഒരു പ്രധാന വിഷയമായി ബോർഡ് ഉയർത്തിക്കാണിക്കുന്നത്. കൃഷിയിലും സംഘങ്ങളുടെ പ്രവർത്തനങ്ങളിലും യുവജനങ്ങളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കാൻ കഴിഞ്ഞാൽ ആധുനികകാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് റബ്ബർകൃഷിയിൽ മാറ്റങ്ങൾ വരുത്താൻ കഴിയും. •

# റബ്ബർമേഖലയിൽ ആധുനികീകരണവും വ്യവസായവത്കരണവും വേണം - ഡോ. സാവർ ധനാനിയ






റബ്ബർകൃഷിയിൽ ആധുനികീകരണവും വ്യവസായവത്കരണവും നടത്തണമെന്ന് റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ പറഞ്ഞു. 'റബ്ബർമേഖലയിൽ എഫ്.പി.ഒ. -കൾക്കുള്ള സാധ്യതകൾ' എന്ന വിഷയത്തിൽ മണ്ണാർക്കാട് വെച്ച് റബ്ബർബോർഡ് നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. റബ്ബറുത്പാദകസംഘങ്ങൾ കേന്ദ്രീകരിച്ച് റബ്ബറധിഷ്ഠിത ഉത്പന്നനിർമ്മാണം നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

റബ്ബർബോർഡ് വൈസ് ചെയർമാൻ കെ.എ. ഉണ്ണിക്കൃഷ്ണൻ സ്വാഗതം പറഞ്ഞു. റബ്ബർബോർഡ് അംഗങ്ങളായ എൻ. ഹരി, റ്റി.പി. ജോർജുകുട്ടി എന്നിവർ യോഗത്തിൽ സംസാരിച്ചു. റബ്ബർമേഖലയിൽ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ സാധ്യതകളെക്കുറിച്ച് റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞനായിരുന്ന ഡോ.ജേക്കബ് മാത്യു വിശദീകരിച്ചു. എഫ്.പി.ഒ. -കൾക്ക് നിർമ്മിക്കാൻ സാധിക്കുന്ന റബ്ബറുത്പന്നങ്ങളെക്കുറിച്ച് റബ്ബർഗവേഷണകേന്ദ്രത്തിലെ ജോയിന്റ് ഡയറക്ടർ ഡോ. സിബി വർഗീസ് ക്ലാസ്സെടുത്തു. ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ കെ.ജി. ജോൺസൺ നന്ദി പറഞ്ഞു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ റബ്ബറുത്പാദകസംഘങ്ങളുടെ പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു.

തയാറാക്കിയത്:

**സി.എം. ജസ്റ്റിൻ**
ഡെവലപ്മെന്റ് ഓഫീസർ





എം.ജി. സതീഷ്ചന്ദ്രൻ

# പദ്മപ്രസാദം

**ഇക്കഴിഞ്ഞ റിപ്പബ്ലിക്ദിനത്തോടനുബന്ധിച്ച് രാജ്യം പദ്മശ്രീ നൽകി ആദരിച്ച എസ്.ആർ.ഡി. പ്രസാദ് റബ്ബർബോർഡിൽ വികസനോദ്യോഗസ്ഥൻ ആയിരുന്നു. കളരിപ്പയറ്റുവിദഗ്ദ്ധൻ, കളരി പ്രചാരകൻ, കഥകളിസംഗീതജ്ഞൻ, ചിത്രകാരൻ, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തനായ പ്രസാദിനെക്കുറിച്ചാണ് ഈ ലേഖനം.**

തെക്ക് കോരപ്പുഴ മുതൽ വടക്ക് ചന്ദ്രഗിരിപ്പുഴ വരെ പരന്നുകിടക്കുന്ന കോലത്തുനാട്. 'ശങ്കരകവിയുടെയും ചെറുശ്ശേരിയുടെയും കാവ്യകാമിനി സ്വച്ഛന്ദവിഹാരം ചെയ്തുപോന്ന കോലത്തിരിക്കോവിലകം.' കോലത്തിരി രാജാക്കന്മാരുടെ അധികാരചിഹ്നങ്ങളിലൊന്ന് 'നെന്മേനിവാകപ്പൂങ്കുല'യായിരുന്നത്രേ! ഇന്നിതാ ഭാരതത്തിന്റെ ദേശീയപുഷ്പമായ 'പദ്മം'തന്നെ ആ വാകപ്പൂങ്കുലയോട് ചേർത്തുവയ്ക്കപ്പെട്ടിരിക്കുന്നു. അധികാരത്തിന്റെ ചിഹ്നമായല്ല, അംഗീകാരത്തിന്റെ 'ശ്രീ' ആയിട്ട് – സാക്ഷാൽ പദ്മശ്രീ.

ഇത്തവണത്തെ പദ്മ അവാർഡുകളിലൊന്ന് രാജപൗത്രനും സുപ്രസിദ്ധ കളരിഗുരുക്കളും ചിത്രകാരനും ഗായകനും നോവലിസ്റ്റും ഒക്കെയായ എസ്.ആർ.ഡി. പ്രസാദിനെയാണ് തേടിയെത്തിയിരിക്കുന്നത്. അദ്ദേഹം റബ്ബർബോർഡിലെ ഒരു വികസനോദ്യോഗസ്ഥൻ കൂടിയായിരുന്നു എന്നത് ബോർഡിന്റെ അഭിമാനം (1964 മുതൽ 1984 വരെയാണ് അദ്ദേഹം റബ്ബർബോർഡിലുണ്ടായിരുന്നത്).

* * * * *

'എസ്സാർഡി'എന്ന് സഹപ്രവർത്തകർ സ്നേഹപൂർവ്വം വിളിക്കുന്ന പ്രസാദ് സാറിനെ ഞാൻ ആദ്യം കാണുന്നത് 1982-ന്റെ ആദ്യപാദത്തിൽ ഒരു വൈകുന്നേരമാണ്. ഒരു 'ട്രെയ്നി'യായി ഞാൻ തളിപ്പറമ്പ് റീജിയണൽ ഓഫീസിൽ എത്തിയപ്പോൾ. അന്ന് അദ്ദേഹം അവിടെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ആയിരുന്നു. തുടർന്ന് എനിക്ക് ആലക്കോട് ഓഫീസിലേക്ക് സ്ഥിരനിയമനം വന്നപ്പോൾ കിട്ടിയത് തലേക്കൊല്ലം അദ്ദേഹം ഒഴിച്ചിട്ടുപോയ ഫീൽഡാഫീസർ കസേര. എന്നുമാത്രമല്ല, പ്രാദേശികനഴ്സറിയിലെ പ്രതിവാര സന്ദർശനത്തിനിടെ മിക്കവാറും അദ്ദേഹം ഞങ്ങളുടെ ഓഫീസിലും വന്നുകൊണ്ടിരുന്നു.

പിറ്റത്തെക്കൊല്ലം അദ്ദേഹം സ്ഥലംമാറ്റമായി തലശ്ശേരിക്കുപോയി. പക്ഷേ, കഥകളിക്ലബ്ബിന്റെ വേദികളിലും മറ്റും ഞങ്ങളുടെ കണ്ടുമുട്ടലുകൾ തുടർന്നു. അധികം താമസിയാതെ അദ്ദേഹം വോളണ്ടറി റിട്ടയർമെന്റ് വാങ്ങി ആസ്പിൻവാൾ കമ്പനിയുടെ പുല്ലങ്കോട് എസ്റ്റേറ്റിൽ മാനേജരായി പോയി. സ്ഥലംമാറ്റമായി ഞാൻ നിലമ്പൂരെത്തിയപ്പോൾ പ്രസാദ് സാർ പുല്ലങ്കോട് എസ്റ്റേറ്റിന്റെ സീനിയർ മാനേജർ ആയിരുന്നു. പിന്നീട് തന്റെ അച്ഛൻ ചിറക്കൽ ടി. ശ്രീധരൻനായർ എഴുതിയ പുസ്തകങ്ങൾ സാഹിത്യപ്രവർത്തകസഹകരണസംഘം പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം പലവട്ടം കോട്ടയത്തും വന്നു.

എസ്റ്റേറ്റുജോലി രാജിവച്ച് തിരികെ കണ്ണൂർ ചിറയ്ക്കലിലെ ശക്തിഭവനത്തിലേക്ക് പോകുമ്പോൾ അദ്ദേഹം എഴുതിയ കത്തിലെ ഒരു വാക്യം ഇങ്ങനെയായിരുന്നു: 'കണ്ട സ്വപ്നങ്ങളിൽ കുറെയെങ്കിലും ജീവിക്കാൻ കഴിയുമോ എന്ന ശ്രമത്തിലാണ് ഞാൻ.' തുടർന്നുള്ള കാലം പ്രധാനമായും കളരിയിലെ അദ്ധ്യാപനത്തിനും കളരിപ്പയറ്റിന് ദേശീയ-അന്തർദ്ദേശീയ രംഗങ്ങളിൽ പ്രചാരം വർദ്ധിപ്പിക്കാനും അദ്ദേഹം ഉഴിഞ്ഞുവച്ചു. ഇടയ്ക്ക് ചില സാഹിത്യപരിശ്രമങ്ങളും.



*കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡ് അന്നത്തെ രാഷ്ട്രപതി പ്രണാബ് കുമാർ മുഖർജിയിൽനിന്ന് സ്വീകരിക്കുന്നു*

അതിനിടയ്ക്കും റബ്ബർമാസികയിൽ എന്റെ ചില എഴുത്തുകളോടുള്ള പ്രതികരണങ്ങളായും ബോർഡിന്റെ ഹൗസ് മാഗസിനായ 'ഇൻസൈ'ഡിലേക്കുള്ള ലേഖനങ്ങളായും അദ്ദേഹത്തിന്റെ കത്തുകളും കവറുകളും തുടർന്നും വന്നുകൊണ്ടേയിരുന്നു. (റബ്ബർബോർഡിലെ മറ്റൊരു ഉദ്യോഗസ്ഥനും ലോകപ്രശസ്തചലച്ചിത്രകാരനുമായിരുന്ന അരവിന്ദന്റെ 'ചെറിയ മനുഷ്യരും വലിയ ലോകവും'എന്ന കാർട്ടൂൺ പരമ്പരയ്ക്ക് സുദീർഘമായ ഒരു ആസ്വാദനക്കുറിപ്പ് അദ്ദേഹം തയ്യാറാക്കിയത് 'ഇൻസൈ'ഡിൽ പ്രസിദ്ധീകരിച്ചിരുന്നു.) സാഹിത്യഭംഗിയും നർമ്മവും കലർന്ന കത്തുകളും ഒപ്പമുണ്ടാവും. ഒരു വാക്യം ഇങ്ങനെ: 'സതീഷ്, ഈ ലേഖനം അച്ചടിക്കുമ്പോൾ കർത്താവ് ഒരു മുൻ റബ്ബർബോർഡുദ്യോഗസ്ഥനാണ് എന്നു സൂചിപ്പിക്കുമല്ലോ. അക്കൂട്ടത്തിൽ "നിസ്സാരകാര്യങ്ങൾക്ക് ഇടയ്ക്കിടെ രാജിവയ്ക്കുന്നവനും ആകുന്നു" എന്നുകൂടി ചേർക്കാം.' ബോർഡിൽ നിന്നു മാത്രമല്ല, ആസ്പിൻവാൾ കമ്പനിയിൽനിന്നും കാലം തികയാതെ റിട്ടയർമെന്റ് വാങ്ങിയതിനെ സൂചിപ്പിക്കുകയായിരുന്നു അദ്ദേഹം.

എം.പി. പോൾ അവാർഡുനേടിയ നോവലിസ്റ്റും റബ്ബർബോർഡിലെ ഡെപ്യൂട്ടി കമ്മീഷണറുമായിരുന്ന പി. മുരളീമോഹനന്റെ സമാഹരിക്കപ്പെടാതിരുന്ന ചെറുകഥകൾ 'പല വഴികൾ; പല മനുഷ്യർ' എന്ന പേരിൽ പൊൻകുന്നത്തെ ഗ്രന്ഥശാലാപ്രവർത്തകർ പുസ്തകമാക്കിയപ്പോൾ അതിന് അവതാരിക എഴുതിയതും പ്രസാദ് സാർ ആയിരുന്നു. റബ്ബർബോർഡിലെ മറ്റൊരു സാഹിത്യകാരനായ സഹദേവൻ പുതിയറയുടെ 'കടന്നുപോയ കാലൊച്ചകൾ' എന്ന നോവലിന് അവതാരിക എഴുതിയതും സാർ തന്നെ.

### ജീവചരിത്രം

കോലത്തിരി രാജകുടുംബത്തിലെ ആയില്യം തിരുനാൾ രാമവർമ്മരാജയുടെ പുത്രനായ ശ്രീധരൻ നായരാണ് പ്രസാദിന്റെ പിതാവ്. അമ്മ രാജമ്മാൾ. കണ്ണൂർ എസ്.എൻ. കോളജിൽനിന്ന് സസ്യശാസ്ത്രത്തിൽ ബിരുദം നേടി. കളരിയാചാര്യനായിരുന്ന സ്വപിതാവിന്റെ ശിക്ഷണത്തിൽ ചെറുപ്പത്തിൽതന്നെ പയറ്റുപഠനം തുടങ്ങി. ഉപരിവിദ്യകൾ വരെ വശമാക്കിയത് പിതാവിൽ നിന്നുതന്നെ. അച്ഛൻ വളപട്ടണത്ത് സ്ഥാപിച്ച ശ്രീഭാരത് കളരിയിലെ അംഗങ്ങൾക്കൊപ്പം, വിദ്യാർത്ഥിയായിരുന്ന കാലത്ത്, കണ്ണൂർ, കോട്ടയം, തിരുവനന്തപുരം തുടങ്ങി നിരവധി സ്ഥലങ്ങളിൽ അഭ്യാസക്കാഴ്ചകളിൽ പങ്കെടുത്തു.

1997 മുതൽ ശ്രീഭാരത് കളരിയിലെ പ്രധാനാദ്ധ്യാപകനുമാണ്. ഇക്കഴിഞ്ഞ വർഷങ്ങളിലായി നൂറുകണക്കിന് വിദ്യാർത്ഥികളാണ് ഇവിടെനിന്ന് സൗജന്യമായി കളരിപ്പയറ്റ് പഠിച്ചിട്ടുള്ളത്.

ഇതിനുപുറമേ മുംബൈ സർവ്വകലാശാലയുടെ ഡാൻസ് & ഫിറ്റ്നസ്സ് ഡിപ്ലോമ കോഴ്സിന് 2009 മുതൽ ക്ലാസ്സുകൾ നടത്തിപ്പോന്നു. ലോകപ്രശസ്തനർത്തകി പദ്മഭൂഷൺ കനക് റെലെയുടെ നാളന്ദ ഡാൻസ് റിസർച്ച് സെന്ററിൽ വച്ചാണ് ഈ ക്ലാസ്സുകൾ നടത്തിയിരുന്നത്. മുംബൈ സർവ്വകലാശാലയുടെ മൂവ്മെന്റ് സയൻസ് പി.ജി. കോഴ്സിന്റെ സിലബസ് കമ്മറ്റിയംഗമായും പ്രവർത്തിച്ചിരുന്നു. കണ്ണൂർ യൂണിവേഴ്സിറ്റി കളരിപ്പയറ്റ് കോഴ്സ് തുടങ്ങിയപ്പോൾ അതിന്റെ വിസിറ്റിങ് ഫാക്കൽറ്റിയുമായിരുന്നു പ്രസാദ്. മാതൃഭൂമി ആഴ്ചപ്പതിപ്പ് അടക്കമുള്ള ആനുകാലികങ്ങളിൽ കളരി സംബന്ധമായി ഒട്ടേറെ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ; അവയ്ക്കു കീഴിലെ കോളജുകൾ; ബെംഗളൂരു, ഗോവ എന്നിവിടങ്ങളിലെ സദസ്സുകൾ; ഫോക്‌ലോർ അക്കാദമി വേദികൾ എന്നിവിടങ്ങളിൽ പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, ഡെമോൺസ്ട്രേഷനുകൾ എന്നിവയും നടത്തി. നാഷണൽ ജ്യോഗ്രാഫിക്, കൈരളി ടി.വി., ആകാശവാണി, ദൂരദർശൻ, വിവിധ പ്രാദേശികചാനലുകൾ എന്നിവയിൽ കളരിപ്പയറ്റിനെ അടിസ്ഥാനമാക്കി പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

1981-ൽ പിതാവ് ടി. ശ്രീധരൻനായരെക്കുറിച്ച് ചിത്രീകരിച്ച The Way of the Malabar Warrior എന്ന ചിത്രത്തിൽ അഭ്യാസഭാഗങ്ങൾ അവതരിപ്പിച്ചു.

2000-ൽ റെയിൽവേ സംരക്ഷണസേനയുടെ ആഘോഷങ്ങളിലും 2008-ൽ ലോകപുസ്തകമേളയുടെ ഭാഗമായും ഡൽഹിയിൽ അഭ്യാസക്കാഴ്ചകൾ അവതരിപ്പിച്ചു. തുടർന്ന് 2012-ൽ കേന്ദ്രസംഗീത നാടകഅക്കാദമിയുടെ ക്ഷണപ്രകാരം, ഡൽഹിയിൽ നടന്ന ഒരു അന്താരാഷ്ട്ര സെമിനാറിൽ, സോദാഹരണപ്രഭാഷണവും നടത്തിയിട്ടുണ്ട്.

2017-ൽ കൊൽക്കത്ത പ്രസിഡൻസി യൂണിവേഴ്സിറ്റിയുടെ ഇരുനൂറാം വാർഷികത്തിനും ധാർവാഡിലെ Dance Jatra -യിലും കളരിപ്പയറ്റ് അവതരണങ്ങൾ. അതേവർഷം ഇന്ത്യൻ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്



*ശ്രീഭാരത് കളരിയിൽ അധ്യാപനത്തിൽ*



*1960-കളുടെ അവസാനം റബ്ബർഗവേഷണകേന്ദ്രത്തിൽ നടന്ന ഒരു അന്താരാഷ്ട്ര കോൺഫറൻസിനോടനുബന്ധിച്ച് പ്രസാദ് അഭ്യാസക്കാഴ്ച അവതരിപ്പിക്കുന്നു.*



*'നമുക്കും കുറിച്ചാലോ അങ്കം?'. കളരി സന്ദർശിക്കാനെത്തിയ പ്രസിദ്ധ ഫോട്ടോഗ്രാഫർ രഘുറോയിയും മറ്റൊരു വിദേശ ജേർണലിസ്റ്റും ഒരു 'കളരിപോസിൽ'. പിന്നിൽ പ്രസാദ്.*

ബെൽജിയത്തിലെ ഇന്ത്യൻ എംബസ്സിയിലും, തുടർന്ന് ലക്സംബർഗ് അടക്കമുള്ള സ്ഥലങ്ങളിലുമായി ഒൻപത് അഭ്യാസപ്രകടനങ്ങൾ. 2018 ആഗസ്റ്റിൽ കേന്ദ്ര സാംസ്കാരികവകുപ്പ് ഭുവനേശ്വറിൽ നടത്തിയ ശ്രേഷ്ഠഭാരത് സംസ്കൃതിസംഗമത്തിൽ കളരിപ്പയറ്റിനെക്കുറിച്ച് പ്രബന്ധാവതരണം നടത്തി.

### ഗ്രന്ഥരചന

പയറ്റിന്റെ പ്രയോഗസഹായഗ്രന്ഥങ്ങളായി 'ഒറ്റ', 'മെയ്പ്പയറ്റ്', 'മറപിടിച്ചു കുന്തപ്പയറ്റ്' എന്നിവ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇതിനു പുറമേ 'Kalarippayattu' എന്ന സചിത്ര ഇംഗ്ലീഷ് ഗ്രന്ഥം സഹോദരൻ അംബികാദാസുമൊത്ത് എഡിറ്റുചെയ്തു. 'കളരിയിലെ കല' കളരിപ്പയറ്റിന്റെ നവോത്ഥാനചരിത്രവും പിതാവ് ചിറയ്ക്കൽ ടി. ശ്രീധരൻ നായരുടെ ജീവചരിത്രവുമാണ്. കേന്ദ്ര സാംസ്കാരികവകുപ്പിന്റെ ദ്വിവത്സര സീനിയർ ഫെലോഷിപ്പ് പ്രകാരം, 'കളരിപ്പയറ്റ് വിജ്ഞാനകോശം' 2016-ൽ പ്രസിദ്ധീകരിച്ചു.

ഇതിനുപുറമേ ഭരതനെ കേന്ദ്രകഥാപാത്രമാക്കിയുള്ള രാമായണാഖ്യാനമായ 'ഭരതകാണ്ഡം'എന്ന നോവലും പ്രസാദ് എഴുതിയിട്ടുണ്ട്.

### പുരസ്കാരങ്ങൾ

കേരള ഫോക്‌ലോർ അക്കാദമിയുടെ 2012-ലെ 'ഗുരുപൂജ', പറശ്ശിനിക്കടവ് ആയുർവ്വേദ കോളജിന്റെ 2013-ലെ 'സംസ്കൃതി', 2014-ലെ നൂപുരം നാട്യഗൃഹത്തിന്റെ ആദരം, 2013-ഉം 2014-ഉം വർഷങ്ങളിൽ ചിറക്കൽ ഗ്രാമപ്പഞ്ചായത്തിന്റെ ആദരം, 2015-ലെ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ പുരസ്കാരം, 2016-ൽ പ്രഥമ ഇ.പി. വാസുദേവ ഗുരുക്കൾ പുരസ്കാരം, കേരള ഫോക്‌ലോർ അക്കാദമിയുടെ 2018-ലെ ഏറ്റവും നല്ല ഗ്രന്ഥത്തിനുള്ള അവാർഡ്, കേരള ഫോക്‌ലോർ അക്കാദമിയുടെ 2021-ലെ ഫെലോഷിപ്പ് എന്നീ പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

ഇപ്പോൾ പത്നി സൗമിനിക്കൊപ്പം കണ്ണൂർ ചിറക്കൽ ശക്തിഭവനത്തിൽ താമസിക്കുന്നു. മകൾ ശുഭ്ര ചെന്നൈയിൽ.

* * * * *

ഒരു തവണയെങ്കിലും കണ്ടിട്ടുള്ളവർ ഒരിക്കലും മറക്കാനിടയില്ലാത്ത വ്യക്തിത്വമാണ് എസ്.ആർ.ഡി. പ്രസാദിന്റേത്. സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും കീഴ്ജീവനക്കാർക്കുപോലും പ്രസന്നവും പ്രസാദാത്മകവുമായ ഒരു ഊർജ്ജപ്രവാഹമായി അനുഭവപ്പെടുന്നു ആ സാന്നിദ്ധ്യം. വലിപ്പച്ചെറുപ്പങ്ങൾ പരിഗണിക്കാതെ എല്ലാവരെയും തന്നിലേക്കാകർഷിക്കുന്ന മാസ്മരികത അദ്ദേഹത്തിന് സഹജം. ആ വ്യക്തിസത്തയിൽ ഉൾച്ചേർന്നിരിക്കുന്നത് കളരിപ്പയറ്റിന്റെ കാർക്കശ്യമല്ല, മറിച്ച്, തന്റെ മറ്റു പ്രിയപ്പെട്ട താല്പര്യങ്ങളായ ചിത്രകലയുടെയും കഥകളിസംഗീതത്തിന്റെയും മസൃണഭാവങ്ങളത്രേ. ആ കുലത്തിന്റെ കൊടിയടയാളം തന്നെ നെന്മേനിവാകപ്പൂങ്കുലയാണല്ലോ – കാളിദാസ പ്രകീർത്തിതമായ 'ലളിതമതാമല്ലിയാർന്നൊരു ശിരീഷം'!

*(റബ്ബർബോർഡിലെ പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായിരുന്നു ലേഖകൻ)* •

# മൂർജെ റബ്ബറുത്പാദകസംഘത്തിന്റെ സിൽവർ ജൂബിലിമന്ദിരം ഉദ്ഘാടനം ചെയ്തു









മൂർജെ റബ്ബറുത്പാദകസംഘത്തിന്റെ സിൽവർ ജൂബിലിമന്ദിരം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഹർഷിണി പുഷ്പാനന്ദ് (പ്രസിഡന്റ്, പിലാബേട്ടു ഗ്രാമപ്പഞ്ചായത്ത്), ശ്രീലക്ഷ്മി നാരായണ (പ്രസിഡന്റ്, പിലാബേട്ടു വ്യവസായ സേവാ സഹകാരി സംഘം), ടി.പി. ഷീജ (ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ, റബ്ബർബോർഡ്), രാജു ഷെട്ടി (സി.ഇ.ഒ. മൂർജെ റബ്ബർ മാർക്കറ്റിങ് ആന്റ് പ്രോസ്സസിങ് സൊസൈറ്റി), പവിത്രൻ നമ്പ്യാർ (മാനേജിങ് ഡയറക്ടർ, കാഞ്ഞങ്ങാട് റബ്ബേഴ്സ്), കെ. മോഹനൻ (ഡെവലപ്മെന്റ് ഓഫീസർ, റബ്ബർബോർഡ്), പി.ടി. ജോസഫ് (പ്രസിഡന്റ്, മൂർജെ റബ്ബറുത്പാദകസംഘം) തുടങ്ങിയവർ ഉദ്ഘാടനയോഗത്തിൽ സംബന്ധിച്ചു.

മംഗളൂരു റീജിയണൽ ഓഫീസിന്റെ കീഴിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മൂർജെ റബ്ബറുത്പാദകസംഘം ചുരുങ്ങിയ സമയത്തിനുള്ളിലാണ് സിൽവർ ജൂബിലി മന്ദിരത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. ഗോഡൗണും ഓഫീസ് സമുച്ചയവും ഉൾപ്പെട്ടതാണ് ജൂബിലിമന്ദിരം. 1998-ലാണ് മൂർജെ റബ്ബറുത്പാദകസംഘം പ്രവർത്തനം ആരംഭിച്ചത്. റബ്ബർ ഷീറ്റിന്റെയും ഒട്ടുപാലിന്റെയും വിപണനം, കാർഷികവസ്തുക്കളുടെ വിതരണം, റബ്ബർബോർഡ് നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം തുടങ്ങിയ പ്രവർത്തനങ്ങളാണ് സംഘത്തിന്റെ വളർച്ചയ്ക്കു പിന്നിൽ. 2009-ൽ സമൂഹ റബ്ബർപാൽസംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചശേഷം തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ പുകപ്പുരകൾ നിർമ്മിക്കുകയും ആർ.എസ്.എസ്. 1X ഗ്രേഡിൽപെട്ട ഷീറ്റുനിർമ്മാണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്തു. നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ സ്ഥലപരിമിതിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സംഘത്തെ നിർബന്ധിതമാക്കിയത്.

തയ്യാറാക്കിയത് :

**മോഹനൻ കെ.**
ഡെവലപ്മെന്റ് ഓഫീസർ



പ്രസാദ് പി.
ഡെപ്യൂട്ടി ഡയറക്ടർ (പി. & പി.ആർ.) ഇൻ-ചാർജ്

# വൈകിട്ടെന്താ പരിപാടി?

**അടുത്തകാലത്തായി കർണാടകത്തിൽ പലയിടങ്ങളിലും വൈകിട്ട് ടാപ്പുചെയ്യുന്ന രീതി പ്രചാരത്തിലുണ്ട്. ശുപാർശപ്രകാരമല്ലാതെ ചെയ്യുന്ന ഈ രീതികൊണ്ട് പല തോട്ടങ്ങളിലും ശരിയായ ഉത്പാദനം കിട്ടുന്നുമില്ല. പക്ഷേ, അന്തിക്ക് ആഴ്ച്ചട്ടാപ്പിങ് നടത്തി മെച്ചപ്പെട്ട ഉത്പാദനം നേടുന്ന വേറിട്ട അനുഭവമാണ് ലിജോ സ്കറിയ എന്ന അഭ്യസ്തവിദ്യനായ ചെറുപ്പക്കാരന് പറയാനുള്ളത്. ശാസ്ത്രീയമായ പരിപാലനങ്ങളോടൊപ്പം മാറി ചിന്തിക്കുകയും പരീക്ഷണങ്ങൾക്ക് മുതിരുകയും ചെയ്യുന്ന ലിജോയെ ലേഖനത്തിലൂടെ വായിച്ചറിയാം.**

കർണാടകത്തിലെ ബെൽത്തങ്ങാടിക്കടുത്ത് മുണ്ടാജെയിൽ കതിരുദ്യാവര ഗ്രാമത്തിലെ ഐരമനയിൽ ലിജോ സ്കറിയ എന്ന ചെറുപ്പക്കാരനോട് 'വൈകിട്ടെന്താ പരിപാടി' എന്ന് ചോദിച്ചാൽ ഉടൻ വരുന്ന മറുപടി റബ്ബർടാപ്പിങ് അല്ലാതെന്ത് എന്നായിരിക്കും. വർഷങ്ങളായി വൈകിട്ട് ടാപ്പുചെയ്ത് മെച്ചപ്പെട്ട രീതിയിൽ വിളവെടുക്കുന്നതിന്റെ രഹസ്യം തേടിയാണ് മലയാളിയായ ലിജോയുടെ തോട്ടത്തിലെത്തിയത്. എല്ലാം കണ്ടും കേട്ടും കഴിഞ്ഞപ്പോൾ എഴുതാനുള്ളത് മുഴുവൻ വേറിട്ട കാര്യങ്ങൾ തന്നെ. മുംബൈയിൽ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിലും ധർമ്മസ്ഥല എസ്.ഡി.എം. കോളജിലും ജോലി ചെയ്തിരുന്ന എം.എസ്.ഡബ്ല്യൂ., എം.ബി.എ. ബിരുദങ്ങളുള്ള ഒരു ചെറുപ്പക്കാരൻ ആധുനികസൗകര്യങ്ങൾ തീരെക്കുറഞ്ഞ ഒരു ഗ്രാമത്തിൽ റബ്ബർകൃഷിയുമായി ഒതുങ്ങിയതെങ്ങനെ എന്ന ചോദ്യത്തിനുള്ള മറുപടിയായി കൈയ്യിലേക്ക് തന്നത് 1994 മാർച്ച് മാസത്തിലെ റബ്ബർമാസികയാണ്.





*റബ്ബർപാൽ ശേഖരണം പ്ലാസ്റ്റിക് കുപ്പികളിലും ബക്കറ്റുകളിലും*

1979-ൽ റബ്ബർബോർഡിന്റെ പുതുക്കൃഷി ധനസഹായ പദ്ധതിയിൽ ആകൃഷ്ടനായി പാലായ്ക്കടുത്ത് മാറിടത്തിൽ നിന്ന് മുണ്ടാജെയിലെത്തി വന്യമൃഗങ്ങൾ നിറഞ്ഞ കാട്ടുപ്രദേശത്ത് പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് റബ്ബർകൃഷിയിൽ വിജയം നേടിയ ബിരുദധാരിയായ ജോയിച്ചൻ എന്ന ഐരമന സ്കറിയ മാത്യുവിനെക്കുറിച്ചുള്ള ലേഖനം അതിലുണ്ട്. അതിൽ കൊടുത്തിരിക്കുന്ന ജോയിച്ചന്റെ കുടുംബചിത്രത്തിൽ നടുവിൽ നിൽക്കുന്ന മൂത്ത പുത്രൻ 'കുഞ്ഞു' ലിജോയുടെ റബ്ബർകൃഷിയിലെ 'വേറിട്ട നടപ്പാണ്' ഇപ്പോൾ പതിനെട്ട് വർഷങ്ങൾക്കുശേഷം റബ്ബർമാസികയുടെ താളിൽ ഇടം പിടിക്കുന്നത്. ബോർഡിന്റെ ശാസ്ത്രീയ പരിപാലനമുറകളുടെയും ഒപ്പം തന്റെ തന്നെ കണ്ടെത്തലുകളുടെയും സംയോജനമാണ് ലിജോയുടെ റബ്ബർകൃഷി. അതിലൊന്നാണ് റബ്ബർബോർഡിന്റെ ശുപാർശയിലില്ലാത്ത 'അന്തിട്ടാപ്പിങ്'.

### ടാപ്പിങ് വൈകിട്ട് മാത്രം

ടാപ്പുചെയ്യുന്ന മൂവായിരത്തോളം റബ്ബർമരങ്ങളാണ് ലിജോയ്ക്കുള്ളത്. 1998, 2005 വർഷങ്ങളിൽ കൃഷി ചെയ്തവയിൽ ആർആർഐഐ 105, നാനൂറ് പരമ്പരയിനങ്ങൾ, പിബി 260 എന്നീ ഇനങ്ങളാണുള്ളത്. 2019 -ൽ ആവർത്തനക്കൃഷി ചെയ്ത 3500-ഓളം റബ്ബർമരങ്ങൾ വേറെയുമുണ്ട്. ആ തോട്ടങ്ങളിലും ബഹുക്ലോൺ സമ്പ്രദായം തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. 2019 മുതൽ ലിജോയുടെ തോട്ടങ്ങളിലെല്ലാം ഉത്തേജകൗഷധം പുരട്ടി 'ആഴ്ച്ചയിലൊരിക്കൽ' എന്ന രീതിയിൽ വൈകുന്നേരങ്ങളിലാണ് ടാപ്പുചെയ്യുന്നത്. 45 മുതൽ 50 വരെ ടാപ്പിങ്ദിനങ്ങൾ ലഭിക്കുന്നുണ്ട്. ഹെക്ടർ പ്രതിയുള്ള ഉത്പാദനമാകട്ടെ രണ്ടായിരം കിലോഗ്രാമിലധികവും. ചില ബ്ലോക്കുകളിൽ രണ്ടായിരത്തിയഞ്ഞൂറിന് അടുത്തും! കണക്കുകൾ കണ്ടെങ്കിലും ആദ്യമത് അവിശ്വസനീയമായിത്തോന്നി. എന്നാൽ, പാലെടുക്കാൻ വച്ചിരിക്കുന്ന സംവിധാനങ്ങളും അതിൽ വീണിരിക്കുന്ന പാലിന്റെ അളവും കണ്ടപ്പോളാണ് സംശയം മാറിയത്.

വൈകിട്ട് ഏഴിന് ടാപ്പിങ് തുടങ്ങി ഒമ്പതരയോടെ പൂർത്തിയാക്കും. ഹെഡ് ലൈറ്റ് ഉപയോഗിച്ചാണ് ടാപ്പിങ്. രാവിലെ പാലെടുക്കും. അതായിരുന്നു രീതി. ഇപ്പോൾ പാലെടുക്കുന്നില്ല. കപ്പുലംബ് ആയിട്ടാണ് വിപണനം. ടാപ്പിങ് വൈകിട്ടാക്കിയതിന് ലിജോയ്ക്ക് കാരണങ്ങൾ ഏറെ പറയാനുണ്ട്. ഈ പ്രദേശങ്ങളിൽ അതിരാവിലെ ടാപ്പിങ്ങിന് പോകാൻ തൊഴിലാളികൾക്ക് ഭയമാണ്. ആ സമയത്ത് വന്യമൃഗങ്ങളുടെ ശല്യം കൂടുതൽ ആണ്. എന്നാൽ, രാത്രി 11-12 വരെ അവയുടെ ശല്യം കുറവാണെന്നാണ് ടാപ്പർമാർ പറയുന്നത്. പല ടാപ്പർമാർക്കും രാവിലെ എഴുന്നേൽക്കുന്ന ശീലമില്ല. അവിടങ്ങളിലെ കാലാവസ്ഥയുടെ പ്രത്യേകത മൂലം രാവിലെ ടാപ്പുചെയ്ത് 10-11 മണിയോടെ പാലെടുക്കുമ്പോൾ തരിച്ചു പോകാറുണ്ടെന്നും ലിജോ പറയുന്നു. വൈകിട്ട് ടാപ്പുചെയ്യുമ്പോൾ പാൽ തരിക്കാറില്ല. മഴയുള്ളപ്പോൾ മാത്രമാണ് തരിക്കുന്നതായി കാണാറുള്ളത്. ടാപ്പർമാർക്ക് പകൽ മറ്റു ജോലികൾക്ക് പോകാം എന്നതുകൊണ്ട് വൈകിട്ടുള്ള വിളവെടുപ്പ് ടാപ്പിങ്ങുകാർക്കും പ്രിയം തന്നെ.

### എന്തുകൊണ്ട് കപ്പുലംബ്

ഒന്നാമതായി കപ്പുലംബ് ആയി വിൽക്കുന്നതുകൊണ്ട്



*കെ. മോഹനൻ, ഡെവലപ്മെന്റ് ഓഫീസർ (ഇടത്ത്) ലിജോ സ്കറിയയ്ക്കൊപ്പം*

ആദായത്തിൽ കുറവില്ല എന്നതാണ് ലിജോയ്ക്ക് പറയാനുള്ളത്. തിങ്കളാഴ്ച ടാപ്പുചെയ്താൽ വെള്ളി-ശനി ദിവസങ്ങളിൽ കപ്പിൽനിന്ന് വേർപെടുത്തി എടുക്കും. ടാപ്പുചെയ്യുന്ന ദിവസത്തിനനുസരിച്ച് അതിൽ മാറ്റം വരുമെന്ന് മാത്രം. ലിജോയ്ക്ക് 'കപ്പ്' എന്നത് കേവലം സാങ്കേതികമായ പദം മാത്രം. പാൽ ശേഖരിക്കുന്നത് ചെറിയ പ്ലാസ്റ്റിക് ബക്കറ്റുകളിലും പെപ്സിയും കൊക്കക്കോളയുമെല്ലാം വിൽക്കുന്ന രണ്ടു ലിറ്റർ കൊള്ളുന്ന പ്ലാസ്റ്റിക് കുപ്പികളിലുമാണ്. അതിനെപ്പറ്റി പിന്നാലെ വിശദമാക്കാം. റബ്ബർപാൽ തനിയെ ഉറയുകയാണ് ചെയ്യുന്നത്. ആസിഡ് ഒഴിക്കുന്ന പതിവില്ല. കപ്പിൽനിന്ന് ലംബ് പൊളിച്ചെടുക്കുമ്പോൾ ദുർഗന്ധം കൂടുതലുണ്ടായിരിക്കും. ആസിഡ് ഒഴിച്ച് ഗുണമേന്മ കൂട്ടിയാലും മെച്ചപ്പെട്ട വില കിട്ടാനുള്ള സംവിധാനം നിലവിലില്ലെന്ന പരാതിയും ലിജോയ്ക്കുണ്ട്. കപ്പുലംബ് പുകയറയിൽ ഇട്ട് ഉണക്കിയെടുക്കുകയാണ് പതിവ്. പാലെടുത്ത് ഷീറ്റാക്കിക്കൊണ്ടിരുന്നപ്പോൾ ടാപ്പുചെയ്യുന്ന ദിവസങ്ങളിൽ പാൽവീഴ്ച നിൽക്കുന്ന മുറയ്ക്ക് രണ്ടു മൂന്നുതവണ പാൽ എടുക്കേണ്ടിവരാറുണ്ട്. അതിന് കൂടുതൽ മനുഷ്യപ്രയത്നം വേണ്ടിവരും. എന്നാൽ, കപ്പുലംബ് ആക്കുമ്പോൾ ആ ബുദ്ധിമുട്ട് ഇല്ല. പാൽ കപ്പിൽതന്നെ ഉറഞ്ഞുകൊള്ളും. പാലെടുക്കൽ, ഉറയൊഴിക്കൽ, ഷീറ്റടിക്കൽ തുടങ്ങിയ ബദ്ധപ്പാടുകൾ ഒന്നുമില്ല.

### പാലെടുക്കാൻ പ്ലാസ്റ്റിക് കുപ്പികൾ

'ആഴ്ചയിൽ ഒരിക്കൽ' എന്ന രീതിയിൽ ടാപ്പുചെയ്യുന്ന മരങ്ങൾ നല്ല ഉത്പാദനം തരുന്നുണ്ട്. ചെറിയ കപ്പുകൾ പോരാതെ വന്നപ്പോളാണ് ചെറിയ ബക്കറ്റുകൾ വെച്ചുകൊടുത്തുതുടങ്ങിയത്. പിന്നീടാണ് രണ്ടു ലിറ്റർ കൊള്ളുന്ന പഴയ പ്ലാസ്റ്റിക് കുപ്പികൾ പരീക്ഷിച്ചത്. രണ്ടര രൂപയക്ക് പെപ്സിയുടെയും മറ്റും കാലിക്കുപ്പികൾ കിട്ടും. കുപ്പിയുടെ അടിഭാഗം മുറിച്ചുകളഞ്ഞശേഷം അടപ്പ് നന്നായി അടച്ച് തലകീഴായി മരത്തോട് ചേർത്ത് ഒരു ചെറിയ ആണി അടിച്ച് ഉറപ്പിക്കുന്നു. കപ്പ് ഹോൾഡറിന്റെ ആവശ്യമേയില്ല. വളഞ്ഞ ഒരു കമ്പിക്കഷണം ഉപയോഗിച്ച് എളുപ്പത്തിൽ കപ്പുലംബ് വേർപെടുത്തി എടുക്കാൻ കഴിയും.

### വിളവിന്റെ രഹസ്യം

റബ്ബർമരങ്ങളുടെ പരിപാലനത്തിൽ ലിജോ വിട്ടുവീഴ്ചകൾക്ക് തയ്യാറല്ല. കോണ്ടൂർലൈനുകൾ എടുത്താണ് തൈകൾ നട്ടത്. വളപ്രയോഗവും രോഗപ്രതിരോധനടപടികളും റബ്ബർബോർഡിന്റെ ശുപാർശപ്രകാരം മാത്രം. ടാപ്പുചെയ്യുന്ന മരങ്ങൾക്ക് വർഷത്തിൽ രണ്ടു തവണ മരുന്ന് തളിക്കും. ഫെബ്രുവരി അവസാനം ഇല മൂത്തു കഴിയുമ്പോൾ കാർബെൻഡാസിം അടിക്കും. മെയ്-ജൂലൈ കാലത്ത് കോപ്പർ ഓക്സിക്ലോറൈഡും തളിക്കും. അതുകൊണ്ടുതന്നെ മരങ്ങൾ ഇലകളാൽ സമൃദ്ധം. മെച്ചപ്പെട്ട ഉത്പാദനത്തിനുള്ള പ്രധാന കാരണവും അതുതന്നെ. റെയിൻഗാർഡിങ് നിർബന്ധം. വേനൽക്കാലത്ത് ടാപ്പിങ്ങിന് മുടക്കമില്ല. ഉത്തേജകമരുന്ന് പുരട്ടി ഇടവേള കൂടിയ ടാപ്പിങ്. ഈ പ്രദേശങ്ങളിൽ ഒക്ടോബറിൽ മഴ മാറിയാൽ വേനൽ മഴ കിട്ടാറില്ല. വേനൽകാല ടാപ്പിങ് ആദായകരമാകാറില്ല. അതുകൊണ്ട് 'ആഴ്ച്ചട്ടാപ്പിങ്' കർഷകർക്ക് അത്ര സ്വീകാര്യമല്ല. എന്നാൽ, ലിജോയുടെ തോട്ടത്തിൽ ആഴ്ചവട്ടത്തിലെ 'അന്തിട്ടാപ്പിങ്ങി'ലും പാലിന് കുറവില്ല.



*കപ്പുലംപ്*



*കപ്പുലംപ് ഉണങ്ങാനുള്ള സംവിധാനം*

### നേട്ടം ടാപ്പർമാർക്കും

മൂന്ന് ടാപ്പർമാരാണ് ലിജോയുടെ തോട്ടത്തിൽ ജോലിയെടുക്കുന്നത്. ഓരോ ബ്ലോക്കും ആഴ്ച്ചയിൽ ഒരിക്കൽ എന്ന രീതിയിൽ മാറി മാറി ടാപ്പുചെയ്യുന്നതു കൊണ്ട് ആഴ്ചയിൽ ആറു ദിവസവും തൊഴിൽ ഉറപ്പാക്കാം. കപ്പുലംപ് പൊളിക്കുന്നതടക്കം മരമൊന്നിന് മൂന്നു രൂപയാണ് വേതനം. ടാപ്പിങ് വൈകുന്നേരങ്ങളിൽ ആയതിനാൽ ടാപ്പർമാരെ സംബന്ധിച്ച് അതും ഒരു സൗകര്യം തന്നെ.

### പുതിയ പ്രവണതകൾ

റബ്ബർകൃഷിയിൽ പരമാവധി യന്ത്രവത്കരണം നടപ്പാക്കണമെന്നാണ് ലിജോയുടെ അഭിപ്രായം. രോഗങ്ങൾ ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിലെ ചൂട് കൂടുന്നതുകൊണ്ട് സാധാരണരീതിയിൽ വിളവെടുക്കണമെങ്കിൽ അതിരാവിലെ ടാപ്പുചെയ്ത് വെയിലുറയ്ക്കുന്നതിന് മുമ്പായി പാലെടുക്കേണ്ടിവരും. അന്തിട്ടാപ്പിങ്ങിലേക്ക് ആളുകൾ തിരിയുന്നത് അതുകൊണ്ടാണ്. ഇപ്പോൾ പല ആളുകളും പാട്ടക്കാരറിൽ ടാപ്പുചെയ്യാൻ മരങ്ങൾ വിട്ടുകൊടുക്കുന്ന പതിവ് സാധാരണമായിത്തുടങ്ങിയിട്ടുണ്ട്. ഈ പ്രവണത മരങ്ങൾ നശിപ്പിക്കുമെന്ന് മാത്രമല്ല, ഉടമയ്ക്ക് വലിയ തോതിൽ നഷ്ടമുണ്ടാക്കുകയും ചെയ്യും. മറ്റ് ജോലികൾക്ക് പോകാത്ത ചെറുപ്പക്കാർ റബ്ബർകൃഷിയിൽ സജീവമായാൽതന്നെ പാട്ടത്തിന് നൽകൽ പോലെയുള്ള പ്രവണതകൾ ഒഴിവാകുമെന്നുള്ളതിന് നല്ല ഉദാഹരണമാണ് ലിജോ.

> 'വേറിട്ട പാതകൾ' എന്ന ഈ പംക്തിയിൽ വരുന്ന ലേഖനങ്ങളിൽ പറയുന്ന കാര്യങ്ങൾ റബ്ബർ ബോർഡിന്റെ ശുപാർശ പ്രകാരമുള്ളവ ആയിരിക്കണമെന്നില്ല. വ്യത്യസ്തമായ രീതികൾ പരീക്ഷിച്ചു നോക്കിയവരുടെ അനുഭവങ്ങൾ മാത്രമാണ്.

### ലിജോയ്ക്ക് പറയാനുണ്ട്

കൃഷി ഒരു ബാധ്യത ആയി മാറാതിരുന്നാൽ മാത്രമേ ചെറുപ്പക്കാർ റബ്ബർകൃഷിയിലേക്ക് തിരിയുകയുള്ളൂ എന്നാണ് ലിജോ പറയുന്നത്. റബ്ബർകൃഷിയിൽ പരമാവധി ചെലവ് കുറയ്ക്കാൻ കഴിയണം. ആഴ്ച്ചട്ടാപ്പിങ് തുടങ്ങിയപ്പോൾതന്നെ ചെലവ് നന്നായി കുറഞ്ഞു. അതുപോലെ ടാപ്പർമാർക്ക് എല്ലാ ദിവസവും തൊഴിൽ നൽകാൻ കഴിയണം. വിസ്തൃതി കുറഞ്ഞ തോട്ടങ്ങളുള്ളവർ മറ്റ് കൃഷിക്കാരുമായി ചേർന്ന് ആഴ്ച്ചട്ടാപ്പിങ്ങിനുള്ള ക്രമീകരണം നടത്തണം. ടാപ്പർമാരുടെ ജോലിസമയം ക്രമീകരിക്കാനും ജോലിഭാരം ലഘൂകരിക്കാനും ശ്രമിക്കണം. ടാപ്പിങ് വൈകിട്ടാക്കുന്നതും കപ്പുലംപ് ആക്കുന്നതുമെല്ലാം ടാപ്പിങ്ങുകാരുടെ സൗകര്യം കൂടി കണക്കിലെടുത്താണെന്ന് ലിജോ പറയുന്നു. അന്തിട്ടാപ്പിങ്ങിനെക്കുറിച്ച് റബ്ബർഗവേഷണകേന്ദ്രം കൂടുതൽ ഗവേഷണങ്ങൾ നടത്തി നന്നായി പരിഷ്കരിച്ച് ശുപാർശ നൽകണമെന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ട്. ഇന്ന് 'ഡിജിറ്റൽ യുഗ'മാണല്ലോ. റബ്ബർകൃഷി 'സ്മാർട്ട്' ആയാൽ ചെറുപ്പക്കാരും 'റെഡി' ആകുമെന്നുതന്നെയാണ് അദ്ദേഹത്തിന്റെ വിശ്വാസം. ഒന്നു കൂടി ലിജോ അടിവരയിട്ട് പറഞ്ഞു: കുടുംബാംഗങ്ങൾക്ക് താൽപര്യമില്ലെങ്കിൽ ഒരു കൃഷിയും വിജയം കാണില്ല എന്ന്. അധ്യാപികയായ ഭാര്യ അനിലയും വിദ്യാർത്ഥികളായ മക്കൾ മിന്ന, ലിന, ജൊഹാൻ എന്നിവരും അടങ്ങുന്നതാണ് ലിജോയുടെ കുടുംബം. പിതാവ് ജോയിച്ചനെക്കുറിച്ച് 1994-ൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ അദ്ദേഹത്തിന്റേതായി ലേഖകൻ എഴുതിയ വാചകം: "എന്റെ എല്ലാ പരിശ്രമങ്ങൾക്കും ഭാര്യയുടെ പിന്തുണയുണ്ടായിരുന്നു". ഇന്ന് വർഷങ്ങൾക്കു ശേഷം പുത്രനായ ലിജോയും അതുതന്നെ പറയുന്നു. ചരിത്രം അതാണ്. എല്ലാ സംസ്കാരങ്ങളും – അത് കൃഷിയിലായാലും തലമുറകളിലൂടെ പകർന്നുകൊണ്ടേയിരിക്കും. *ലിജോയുടെ ഫോൺ നമ്പർ: 9901984947* •



രാധാമണി എം.
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ്

## റബ്ബർനഴ്സറി-
# അസമിലെ സംരംഭകത്വസാധ്യതകൾ

**വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടപ്പാക്കിവരുന്ന റബ്ബർകൃഷിവികസനപദ്ധതിക്ക് വേണ്ട റബ്ബർതൈകൾ പ്രാതികൂല്യങ്ങളെ തരണം ചെയ്ത് അവിടെത്തന്നെ തയ്യാറാക്കി നൽകുന്നതിൽ വിജയിച്ച മലയാളിയായ ഒരു സംരംഭകന്റെ വേറിട്ട ശ്രമങ്ങൾ ഈ ലേഖനത്തിൽ പരിചയപ്പെടുത്തുന്നു. അതൊടൊപ്പം ഒരു സംരംഭകന് വേണ്ട അടിസ്ഥാനഗുണങ്ങൾ എന്തായിരിക്കണമെന്നും ലേഖിക വിവരിച്ചിരിക്കുന്നു.**

റബ്ബർവിലയിലെ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന് റബ്ബർമേഖലയിലെ സംരംഭകത്വസാധ്യതകളും ഇതരവരുമാനമാർഗ്ഗങ്ങളുമെല്ലാം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടാണിരിക്കുന്നത്. ഓരോ സമയത്തും ആവശ്യമുള്ളത് എന്താണെന്ന് കണ്ടെത്തി ആ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവർക്കാണ് അതിൽ വിജയിക്കാൻ കഴിയുക. അത്തരത്തിൽ നഴ്സറിരംഗത്തേക്ക് പ്രവേശിച്ച ഒരാളാണ് എറണാകുളം ജില്ലയിലെ മുളന്തുരുത്തിയിലുള്ള ജോഷി കൊട്ടാരം. വടക്കുകിഴക്കൻ മേഖലയിലെ അസം, മേഘാലയ, അരുണാചൽപ്രദേശ്, മിസ്സോറാം, മണിപ്പൂർ, നാഗാലാന്റ് എന്നീ സംസ്ഥാനങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന റബ്ബർകൃഷി വികസനപദ്ധതിയുടെ തുടക്കത്തിൽ തന്നെ വളരെയധികം തൈകൾ ആവശ്യമായിരുന്നു. ഒരു സംരംഭകന് അത്യാവശ്യം വേണ്ട കാഴ്ചപ്പാടുകളും സമീപനങ്ങളും എന്തായിരിക്കണമെന്ന് കൃത്യമായ ബോധ്യമുണ്ടായിരുന്നതുകൊണ്ടാണ് മുപ്പതുലക്ഷം കൂടത്തൈകളും നാലരലക്ഷം കപ്പുതൈകളും അവിടെത്തന്നെ തയ്യാറാക്കി നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞത്.

പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരുന്നതിനോടൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗ്രാമീണജനതയ്ക്ക് സുസ്ഥിരവരുമാനവും തൊഴിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന റബ്ബർകൃഷി





*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. എൻ. രാഘവൻ നഴ്സറി സന്ദർശിച്ചപ്പോൾ. ബിനോയ് ലൂക്കോസ് (ഇടത്ത്), ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ (റിട്ട.); ജോഷി കൊട്ടാരം (വലത്ത്) എന്നിവർ സമീപം.*

വികസനപദ്ധതിയാണ് എൻ.ഇ. മിത്ര. ടയർ വ്യവസായ മേഖലയുടെ സാമ്പത്തികസഹായവും റബ്ബർബോർഡിന്റെ സാങ്കേതികസഹായവും ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അഞ്ചുവർഷം കൊണ്ട് (2021-25) ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ രണ്ടുലക്ഷം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2021 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കോവിഡ് മഹാമാരി ജനജീവിതത്തെ ബാധിച്ചിരുന്ന സമയത്താണ് ഈ പദ്ധതിക്ക് കേന്ദ്രവാണിജ്യമന്ത്രാലയം രൂപം കൊടുക്കുന്നത്. അന്ന് ഈ പദ്ധതി നടപ്പാക്കുന്നതിന് റബ്ബർബോർഡിന്റെ മുന്നിലുണ്ടായിരുന്ന ഒരു പ്രധാന വെല്ലുവിളി നടീൽവസ്തുക്കളുടെ ലഭ്യതക്കുറവായിരുന്നു.

2015-ന് ശേഷം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർ പുതുക്കൃഷി കാര്യമായി നടക്കാതിരുന്നതിനാൽ അവിടെ റബ്ബർനഴ്സറികൾ ഉണ്ടായിരുന്നില്ല. ത്രിപുരയിൽ മാത്രം വളരെ ചെറിയതോതിൽ തൈകൾ ലഭ്യമായിരുന്നു. അതുകൊണ്ടാണ് കേരളത്തിൽ ലഭ്യമായ തൈകൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ എത്തിച്ച് പദ്ധതിക്ക് തുടക്കംകുറിക്കാൻ തീരുമാനിച്ചത്. പരീക്ഷണാടിസ്ഥാനത്തിൽ 10,530 കപ്പുതൈകൾ കടലാസ്സിൽ പൊതിഞ്ഞ് കാർട്ടണുകളിൽ പായ്ക്കുചെയ്ത് ട്രെയിൻ വഴി ഗുവഹതിയിൽ എത്തിച്ചു. ഇങ്ങനെ എത്തിയ കപ്പുതൈകൾക്ക് താൽക്കാലികസംരക്ഷണം നൽകാനുള്ള സംവിധാനം തയ്യാറാക്കിക്കൊണ്ടാണ് റബ്ബർനഴ്സറി രംഗത്തേക്ക് ജോഷി പ്രവേശിച്ചത്.

ഒരു ബിസിനസ്സ് കൺസൾട്ടന്റ് ആയി അസമിലെ ഗുവഹതിയിൽ എത്തിയ ജോഷി കോയമ്പത്തൂരിൽ അഗ്രിബിസിനസ്സ് ചെയ്യുന്ന കാർഷിക ശാസ്ത്രജ്ഞനായ ഡോ. ജോഷി ചെറിയാൻ എന്ന സുഹൃത്തുവഴിയാണ് ഗുവഹതിയിലെ റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുന്നത്. പാലാ സെന്റ് തോമസ് കോളജിൽ ബോട്ടണി വിഭാഗം അദ്ധ്യാപകനായിരുന്ന ഡോ. ജോഷി ചെറിയാൻ ജോലി രാജിവെച്ച് ജൈവമാലിന്യ സംസ്കരണത്തിലും ജൈവകൃഷിയിലുമുള്ള പഠനത്തിലേക്കും ഗവേഷണങ്ങളിലേക്കും തിരിയുകയായിരുന്നു. കയർവ്യവസായമേഖലയിൽനിന്ന് പുറംതള്ളുന്ന ചകിരിച്ചോറ് സംസ്കരിച്ച് പല വിധത്തിൽ സമ്പുഷ്ടീകരിച്ച് വളമാക്കി മാറ്റുന്നതിന് അദ്ദേഹം വികസിപ്പിച്ചെടുത്ത ജൈവമാലിന്യസംസ്കരണരീതി കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലും ശ്രീലങ്കയിലും അവിടങ്ങളിലെ സർക്കാർസംവിധാനങ്ങൾ വഴി നടപ്പാക്കിവരുന്നുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അസമിലും നാഗാലാന്റിലും അത് പ്രയോഗത്തിൽ വരുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കോയമ്പത്തൂരിൽ 'ഒമേഗ ഇക്കോടെക് പ്രോഡക്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്' എന്ന പേരിൽ ഡോ. ജോഷി ചെറിയാന് ഫാക്ടറിയും ഫാമും ഉണ്ട്.

ട്രെയിൻ മാർഗ്ഗം 2021 മെയ് മാസത്തിൽ ഗുവഹതിയിൽ എത്തിച്ച കപ്പുതൈകൾ സൂക്ഷിച്ചത് അസമിലെ കാമരൂപ് റൂറൽ ജില്ലയിലെ ചായ്ഗൺ ഗ്രാമത്തിൽ ജോഷി തയ്യാറാക്കിക്കൊടുത്ത താൽക്കാലിക സംവിധാനത്തിലാണ്. റബ്ബറിന്റെ കപ്പുതൈകൾ ആദ്യമായി കണ്ട അദ്ദേഹം റബ്ബർബോർഡുദ്യോഗസ്ഥർക്കൊപ്പം ചേർന്ന് തൈകൾക്ക് വേണ്ട പരിരക്ഷകൾ നൽകുകയും നഴ്സറിപരിപാലനത്തിന്റെ സാങ്കേതികവശങ്ങൾ പഠിച്ചെടുക്കുകയും ചെയ്തു. വരും വർഷങ്ങളിലെ കൃഷിക്ക് ആവശ്യമായ തൈകൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽതന്നെ ഉത്പാദിപ്പിക്കാനുള്ള ആലോചനകൾ വന്നപ്പോൾ സംരംഭകത്വസാധ്യതകൾ തിരിച്ചറിഞ്ഞ് സുഹൃത്തുക്കളുടെ സഹകരണത്തോടെ മുൻപരിചയമില്ലാത്ത റബ്ബർനഴ്സറിമേഖലയിലേക്ക് പ്രവേശിക്കുകയും അസമിലും നാഗാലാന്റിലും പശ്ചിമബംഗാളിലെ സിലിഗുരിയിലും നഴ്സറികൾ ആരംഭിക്കുകയും ചെയ്തു.

2022-ൽ ജോഷിയുടെ നഴ്സറിയിൽനിന്ന് വിതരണം ചെയ്ത തൈകളിൽ 26,000 കപ്പുതൈകൾ തയ്യാറാക്കിയത് കപ്പിൽ കുരുവിട്ടുമുളപ്പിച്ച് ആർആർഐഎം



600-ന്റെ ബഡ്ഡുവുഡ്സ് ഉപയോഗിച്ച് ബഡ്ഡ് ചെയ്തായിരുന്നു. ബാക്കിയുള്ളവ തയ്യാറാക്കിയത് കേരളത്തിൽനിന്നും കർണ്ണാടകയിൽനിന്നും ഒട്ടുതൈകുറ്റികൾ വിമാനമാർഗ്ഗംകൊണ്ടുവന്ന് കപ്പിൽ നട്ടുവളർത്തിയാണ്. സമ്പുഷ്ടീകരിച്ച ചകിരിച്ചോറാണ് കപ്പിൽ നിറച്ചത്. ഒട്ടുതൈക്കുറ്റികൾ വിമാനമാർഗ്ഗം കൊണ്ടുവന്നതുകൊണ്ട് 90 ശതമാനത്തിൽ കൂടുതൽ തൈകൾ മുളച്ചു കിട്ടി. എന്നാൽ, ബഡ്ഡ് മുളയ്ക്കാൻ തുടങ്ങിയപ്പോൾ മഴക്കൂടുതൽ കാരണം മുപ്പതിനായിരത്തോളം തൈകൾ ചീഞ്ഞുപോയി. സംരംഭകനെന്ന നിലയിൽ അദ്ദേഹത്തിന് അതൊരു വലിയ പാഠമായി.

അസമിൽ തൈകൾ ഉത്പാദിപ്പിക്കുന്നതുപോലെ തന്നെ തൈകൾ സുരക്ഷിതമായി കർഷകരുടെ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനും ശ്രദ്ധയും കരുതലും ആവശ്യമാണ്. മഴ തുടങ്ങിയാൽ അവിടെയുള്ള റോഡുകളിൽ വാഹനങ്ങൾക്ക് സഞ്ചരിക്കാൻ വളരെയധികം ബുദ്ധിമുട്ടാണ്. ഉരുൾപൊട്ടലും സർവ്വസാധാരണം. ഈ പ്രതിസന്ധികളെയെല്ലാം അതിജീവിച്ച് ലക്ഷ്യസ്ഥാനത്ത് തൈകൾ എത്തിച്ചുകൊടുക്കാൻ കഴിഞ്ഞതാണ് സംരംഭകൻ എന്നനിലയിൽ ജോഷിയുടെ വിജയം.

ഗുവഹതി സോണിൽ 2023-ൽ 39,000 ഹെക്ടറിൽ റബ്ബർകൃഷി ചെയ്യാനുള്ള ഒരുക്കത്തിലാണ് റബ്ബർ ബോർഡ്. അത് മുന്നിൽ കണ്ടുകൊണ്ട് ജോഷി കാമരൂപ് റൂറൽ ജില്ലയ്ക്ക് പുറമെ കർബി ആംഗ്ലോങ് ജില്ലയിലും ആധുനികസൗകര്യങ്ങളോടുകൂടിയ നഴ്സറി യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. ഏഴു യൂണിറ്റുകളിലായി 16.85 ഹെക്ടർ വിസ്തൃതിയിൽ 32 ലക്ഷം കപ്പുതൈകളും രണ്ടു ലക്ഷം കൂടതൈകളും തയ്യാറാക്കാനുള്ള നടപടികൾ നടക്കുന്നു. ആർആർഐഎം 600, ആർആർഐഐ 429 എന്നിവയുടെ ബഡ്ഡുവുഡ്സ് തൈകളാണ് നഴ്സറികളിൽ നട്ടിരിക്കുന്നത്. അതിനു പുറമെ മേഘാലയ സർക്കാരിന്റെ മണ്ണുസംരക്ഷണവകുപ്പിന്റെ കൈവശമുള്ളതും ആർആർഐഎം 600 ഇനത്തിന്റെ ഏഴായിരത്തോളം ബഡ്ഡുവുഡ്സ് തൈകൾ ഉള്ളതുമായ നഴ്സറി ഒരു വർഷത്തേക്ക് പാട്ടത്തിനെടുക്കുകയും ചെയ്തിട്ടുണ്ട്.

**ജോഷിയുടെ നഴ്സറികൾ സംബന്ധിച്ച വിശദവിവരങ്ങൾ**

| നഴ്സറി സ്ഥിതി ചെയ്യുന്ന സ്ഥലം | വിസ്തൃതി (ഹെ.) | കപ്പു തൈകൾ | കൂട തൈകൾ | ബഡ്ഡുവുഡ്സ് തൈകൾ |
|---|---|---|---|---|
| ചായ്ഗൺ 1 | 0.65 | 1,00,000 | - | 2500 |
| ചായ്ഗൺ 2 | 0.70 | 1,50,000 | - | 0 |
| ചായ്ഗൺ 3 | 0.90 | 1,50,000 | - | 0 |
| ചായ്ഗൺ 4 | 0.40 | 0 | - | 2000 |
| ചായ്ഗൺ 5 | 3.00 | 6,00,000 | - | 1500 |
| ചായ്ഗൺ 6 | 4.20 | 12,00,000 | - | 1500 |
| ദില്ലായ് | 7.00 | 10,00000 | 20,0000 | 0 |
| ആകെ | 16.85 | 32,00000 | 20,0000 | 7,500 |

ചായ്ഗൺ നഴ്സറികൾ അസമിലെ കാമരൂപ് ജില്ലയിലും ദില്ലായ് നഴ്സറി കർബി ആംഗ് ലോങ് ജില്ലയിലും സ്ഥിതിചെയ്യുന്നു. ഇതിൽ ചായ്ഗണിലുള്ള മൂന്നു നഴ്സറികളിൽ ഈ വർഷം ആഗസ്റ്റിൽ മേഘാലയിലെ മെണ്ടി പത്തർ എസ്റ്റേറ്റിൽനിന്ന് ശേഖരിച്ച വിത്തുകളാണ് പാകി കിളിർപ്പിച്ച് കപ്പിൽ നട്ടിരിക്കുന്നത്. അതിൽ 1,70,000 തൈകളിൽ ഗ്രീൻബഡ്ഡിങ് പൂർത്തിയായി. കേരളത്തിൽനിന്നും കന്യാകുമാരി ജില്ലയിൽനിന്നും എത്തിയ വിദഗ്ദ്ധരായ തൊഴിലാളികളാണ് തൈകൾ ബഡ്ഡുചെയ്തത്. ബാക്കിയുള്ള തൈകളിലും ബഡ്ഡിങ് നടന്നുകൊണ്ടിരിക്കുന്നു. അസമിൽ ആദ്യമായാണ് ഗ്രീൻബഡ്ഡിങ് വഴി കപ്പിൽ തൈകൾ ഉത്പാദിപ്പിക്കുന്നത്.

## സംരംഭകർ അറിഞ്ഞിരിക്കാൻ

ഏതൊരു സംരംഭത്തിലേക്കും കടക്കുന്നതിന് മുമ്പായി അതിന്റെ സാധ്യതകൾ വിലയിരുത്തിയിരിക്കണം. മുൻപരിചയമില്ലാത്ത മേഖലയാണെങ്കിൽ ഒപ്പംനിന്ന് കണ്ടും കേട്ടും ചെയ്തും വിവിധവശങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഗുണഭോക്താക്കളോടുള്ള പ്രതിബദ്ധത വളരെ പ്രധാനപ്പെട്ട ഒന്നാണ്. അവർക്ക് ആവശ്യമായ തുടർസേവനങ്ങൾ നൽകുന്നതിലാണ് ഒരു സംരംഭകന്റെ വിജയം. ഉത്പന്നത്തിന്റെ ഗുണമേന്മയോടൊപ്പം വൈവിധ്യവത്കരണത്തിന് തയ്യാറാകുകയും ചെയ്യണം. സ്വന്തം സംരംഭത്തിന്റെ വിജയത്തിന് മറ്റുള്ളവരുടെ സഹായം തേടാനും ഇതര സംരംഭകരുടെ ഉത്പന്നങ്ങൾ ഉപയോഗപ്പെടുത്താനുമുള്ള കഴിവ് ആവശ്യമാണ്. മറ്റ് സംരംഭകർക്ക് അനുഭവങ്ങൾ പറഞ്ഞുകൊടുത്ത് ഒപ്പം നിർത്തുന്നതിലൂടെ മേഖലയിലെ അനാവശ്യ കിടമത്സരങ്ങൾ ഒഴിവാക്കാനും എല്ലാവരുടെയും വളർച്ച ഉറപ്പാക്കാനും കഴിയും.

1970-കളിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി ആരംഭിച്ചപ്പോഴും അതിനുശേഷവും കേരളത്തിൽനിന്നാണ് റബ്ബർവിത്തുകളും തൈകളും കൊണ്ടുപോയിരുന്നത്. പതിവിന് വിപരീതമായി ഈ വർഷം അസമിൽനിന്നും ത്രിപുരയിൽനിന്നും റബ്ബർവിത്ത് കേരളത്തിലേക്ക് കൊണ്ടുവരികയുണ്ടായി. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് 32,000 കി.ഗ്രാം റബ്ബർ വിത്തുകൾ ശേഖരിച്ച് കേരളത്തിലേക്ക് അയയ്ക്കാനുള്ള അവസരവും ജോഷി ഉപയോഗപ്പെടുത്തി. നാഗാലാന്റിലും അസമിന്റെ മറ്റു ചില പ്രദേശങ്ങളിലും പശ്ചിമബംഗാളിലെ സിലിഗുരിയിലുമുള്ള ചില നഴ്സറികൾക്ക് കൺസൾട്ടൻസി സേവനവും അദ്ദേഹം നൽകിവരുന്നു.

അസമിൽ നഴ്സറിമേഖലയിലെ വികസനത്തോടനുബന്ധിച്ച് തൊഴിൽമേഖലയിലും വളർച്ച ഉണ്ടായിട്ടുണ്ട്. ജോഷിയുടെ നഴ്സറികളിൽതന്നെ 326 പേർക്ക് ഇപ്പോൾ ജോലിയും സ്ഥിരവരുമാനവും ലഭിക്കുന്നുണ്ട്. വാഹനങ്ങൾ, അടിസ്ഥാനസൗകര്യവികസനത്തിന് ആവശ്യമായ വസ്തുക്കൾ അങ്ങനെ വിവിധ മേഖലകളിലേക്ക് ആവശ്യമായ സാമ്പത്തിക ക്രയവിക്രയം ഈ പ്രദേശത്തിന് ഒരു പുത്തൻ ഉണർവ്വ് നൽകിയിട്ടുണ്ട്.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. നൽകിയ പ്രോത്സാഹനവും റബ്ബർബോർഡ് ഉദ്യോഗസ്ഥർ നൽകിയ സഹകരണവും ഈ രംഗത്ത് തനിക്ക് വളരെയേറെ പ്രചോദനം നൽകിയെന്ന് ജോഷി പറയുന്നു. ഭാര്യ ബിനു ജോഷിക്കും വിദ്യാർത്ഥിയായ മകൻ ഗ്രീഗ് ജോഷിക്കും നഴ്സറിയിലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിൽ മടിയില്ല. മകൾ ഗ്രീലിൻ മരിയ ജോഷി ബെംഗളൂരുവിൽ വിദ്യാർത്ഥിനിയാണ്. •



ആൻസമ്മ ജോർജ്
ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്

## ഇടവേളകൂട്ടി

# വേനൽകാലത്തും ടാപ്പുചെയ്യാം

**റബ്ബർമരങ്ങൾ വേനൽകാലത്തും മുടക്കംകൂടാതെ ടാപ്പുചെയ്യാൻ എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നതിനെക്കുറിച്ചും തൈമരങ്ങളും ടാപ്പുചെയ്യുന്ന മരങ്ങളും വേനലിലും ആരോഗ്യത്തോടെയിരിക്കാൻ എന്തൊക്കെ ചെയ്യണമെന്നതിനെക്കുറിച്ചുമാണ് ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നത്.**

റബ്ബറിന്റെ വിലക്കുറവ് കർഷകരെ ഏറെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. എന്നാൽ, ടാപ്പിങ് രീതിയിലും ടാപ്പിങ്ങിന്റെ ഇടവേളകളിലും കാതലായ മാറ്റങ്ങൾ വരുത്തിയാൽ വിലക്കുറവ് ഉണ്ടാക്കുന്ന ആഘാതം ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും. റബ്ബർകൃഷിയിലും വിളവെടുപ്പിലുമുള്ള ചെലവ് കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബർബോർഡ് ശുപാർശ ചെയ്തുകൊണ്ടിരിക്കുന്ന രീതിയാണ് ഇടവേള കൂടിയ ടാപ്പിങ്. റബ്ബർമരങ്ങളിൽനിന്ന് ദീർഘകാലം ആദായം ലഭിക്കാൻ ഏറ്റവും യോജിച്ചത് ഇടവേള കൂടിയ ടാപ്പിങ്‌രീതികളാണ്.

സാധാരണമായി റബ്ബർമരങ്ങളിൽനിന്ന് നല്ല വിളവ് ലഭിക്കുന്നത് മഴക്കാലത്തിന് ശേഷമുള്ള മാസങ്ങളിലാണ്. ഡിസംബർ-ജനുവരി മാസങ്ങളിൽ റബ്ബർമരങ്ങളുടെ ഇലകൾ കൊഴിയാൻ തുടങ്ങും. എന്നാൽ, ഇടവേള കൂടിയ ടാപ്പിങ്‌രീതി അവലംബിച്ച് ക്രമമായി ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ വേനൽകാലത്തും ടാപ്പിങ് തുടരാം. ഇടവേളകൾ കൂടുമ്പോൾ ഒരു വർഷത്തിൽ ലഭിക്കുന്ന ടാപ്പിങ്ദിനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടാകും. മൂന്നുദിവസത്തിലൊരിക്കൽ ആണെങ്കിൽ 100 ദിവസവും ആഴ്ചയിലൊരിക്കൽ ആണെങ്കിൽ 52 ദിവസവുമായി ടാപ്പിങ്ദിനങ്ങളുടെ എണ്ണം കുറയും. ജനുവരി പകുതി മുതൽ മെയ് അവസാനം വരെയുള്ള വേനൽമാസങ്ങളിൽ ടാപ്പിങ് പാടെ ഉപേക്ഷിച്ചാൽ ഒരു വർഷം ലഭിക്കുന്ന ഉത്പാദനത്തിൽ കാര്യമായ കുറവുണ്ടാകും. കൂടാതെ ഒരിക്കൽ ടാപ്പിങ് നിർത്തി മാസങ്ങൾക്കുശേഷം വീണ്ടും തുടങ്ങുമ്പോൾ ഏതാനും ദിവസ

ങ്ങൾ കഴിഞ്ഞേ മരങ്ങളിലെ റബ്ബറുത്പാദനപ്രക്രിയ പൂർവസ്ഥിതിയിലാകൂ. ഫലത്തിൽ നാലഞ്ചുമാസത്തെ ഉത്പാദനം ഇല്ലാതാകും.

സാധാരണമായി ഇലകൊഴിഞ്ഞശേഷം പുതിയ ഇലകൾ വന്ന് മൂപ്പെത്താൻ മൂന്നോ നാലോ ആഴ്ചകൾ എടുക്കും. ഈ കാലഘട്ടത്തിലാണ് ഉത്പാദനം ഏറ്റവും കുറഞ്ഞിരിക്കുക. റബ്ബറുത്പാദനത്തിനായി പട്ടയിൽ സൂക്ഷിച്ചിരിക്കുന്ന അസംസ്കൃതവസ്തുക്കൾ പുതിയ ഇലകൾ ഉണ്ടാക്കാനും വളർച്ചയ്ക്കുമായി മാറ്റപ്പെടുന്നതാണ് ഉത്പാദനം കുറയാൻ കാരണം. ഇലകൾക്ക് മൂപ്പെത്തിക്കഴിയുമ്പോൾ ഈ അവസ്ഥ മാറും.

വേനൽകാലത്ത് ഉത്പാദനം കുറവാണെങ്കിലും ഇടവേളകൂടിയ രീതികളിൽ ടാപ്പുചെയ്താൽ മരത്തിന് ദോഷം ഉണ്ടാവുകയില്ല. കഴിവതും സൂര്യനുദിക്കുന്നതിനു മുമ്പ് മരങ്ങൾ ടാപ്പുചെയ്തു കഴിഞ്ഞാൽ പരമാവധി ആദായം ലഭിക്കും. സൂര്യനുദിച്ചുകഴിഞ്ഞാൽ ഇലകളിൽകൂടി സ്വേദനം വഴി ജലാംശം നഷ്ടപ്പെടുന്നതിനാൽ പ്രവാഹസമ്മർദ്ദം കുറയുകയും ഉത്പാദനം കുറയുകയും ചെയ്യും. എന്നാൽ, അതിരാവിലെ ഇലകളിലെ ചെറുസുഷിരങ്ങൾ (സ്റ്റൊമാറ്റ) അടഞ്ഞിരിക്കുന്നതിനാൽ ജലാംശം നഷ്ടപ്പെടുന്നില്ല. ഈ സമയത്ത് മരങ്ങളിലെ പ്രവാഹസമ്മർദ്ദം കൂടിയിരിക്കുകയും ചെയ്യും. അങ്ങനെയുള്ള സമയങ്ങളിൽ ടാപ്പുചെയ്താൽ 20 മുതൽ 30 വരെ ശതമാനം കൂടുതൽ ഉത്പാദനം ലഭിക്കും. പകൽ സമയത്ത് ശക്തമായ കാറ്റുള്ള സ്ഥലങ്ങളിൽ പ്രവാഹസമ്മർദ്ദം വീണ്ടും കുറയും. ഇങ്ങനെയുള്ള സ്ഥലങ്ങളിലും സൂര്യോദയത്തിന് മുമ്പായി ടാപ്പുചെയ്താൽ കൂടിയ ഉത്പാദനം ലഭിക്കും. ഒരു ബ്ലോക്കിൽ നിന്നും (ഏകദേശം 300 മരങ്ങൾ) ഒരു ടാപ്പിങ്ങിൽ ശരാശരി 10 കി.ഗ്രാം ഉണക്കറബ്ബറെങ്കിലും കിട്ടുന്നുണ്ടെങ്കിൽ ടാപ്പിങ് തുടരാവുന്നതാണ്. ഏപ്രിൽ-മെയ് മാസങ്ങളിൽ വേനൽ രൂക്ഷമാവുകയും ഉത്പാദനം ഗണ്യമായി കുറയുകയും ചെയ്താൽ മാത്രം ടാപ്പിങ് നിർത്തിവെച്ചാൽ മതി.



*നിയന്ത്രിതകമിഴ്ത്തിവെട്ട്*



*ടാപ്പിങ് ഷേഡുകൾ മരത്തിൽനിന്ന് ഇളക്കിയെടുത്ത് സൂക്ഷിച്ചിരിക്കുന്നു*

അസ്സൽപട്ടയിൽ നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്നതാണ് മറ്റൊരു ടാപ്പിങ്രീതി. നവംബർ-ഡിസംബർ മാസങ്ങളിൽ തുടങ്ങി അടുത്തവർഷം മെയ് മാസം വരെയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തേണ്ടത്. 125 സെന്റീമീറ്ററിന് മുകളിലുള്ള അസ്സൽപട്ടയിൽ നീളം കുറഞ്ഞ വെട്ടുചാൽ തുറന്ന് (S/3, S/4) നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്താം. ശുപാർശചെയ്യുന്ന അളവിൽ ഉത്തേജകഔഷധപ്രയോഗവും നടത്തണം. വേനൽകാലത്ത് ടാപ്പുചെയ്യുമ്പോൾ നിയന്ത്രിതകമിഴ്ത്തിവെട്ട് ചെയ്യുന്ന അസ്സൽപട്ടയിൽനിന്ന് ലഭിക്കുന്ന ഉത്പാദനം പുതുപ്പട്ടയിൽ നിന്ന് ലഭിക്കുന്ന ഉത്പാദനത്തേക്കാൾ കൂടുതൽ ആയിരിക്കും. വേനൽക്കാലത്ത് ഈ രീതിയിൽ സൂര്യോദയത്തിന് മുമ്പായി ടാപ്പുചെയ്താൽ ഉത്പാദനം വീണ്ടും വർദ്ധിപ്പിക്കാം

വേനൽകാലത്ത് ഉത്തേജകമരുന്നുപയോഗിച്ച് ടാപ്പുചെയ്യുമ്പോൾ റബ്ബർബോർഡിന്റെ ശുപാർശപ്രകാരമുള്ള അളവിലും ഇടവേളകളിലും മാത്രമേ മരുന്നുപയോഗിക്കാവൂ. മൂന്നുദിവസത്തിലൊരിക്കൽ എന്ന രീതിയിൽ ടാപ്പുചെയ്യുന്ന മരങ്ങളിൽ നവംബർ മാസത്തിനുശേഷം മെയ്-ജൂണിൽ നല്ല മഴ കിട്ടുന്നതുവരെ ഉത്തേജകമരുന്ന് പ്രയോഗിക്കരുത്. ആർആർഐഐ 105 ഇനത്തിൽപെട്ട മരങ്ങളിൽ ആഴ്ചയിലൊരിക്കൽ സാധാരണ ടാപ്പിങ് നടത്തുമ്പോൾ രണ്ടര ശതമാനം വീര്യ



ഫയർബെൽറ്റ് നിർമ്മാണം

ത്തിൽ വെട്ടുചാലിലും നാലിലൊന്ന് ചുറ്റളവിൽ മൂന്നു ദിവസത്തിലൊരിക്കൽ നിയന്ത്രിതകമിഴ്ത്തിവെട്ട് നടത്തുന്ന മരങ്ങളിൽ അഞ്ചുശതമാനം വീര്യത്തിൽ ഒട്ടുവള്ളിയുടെ മുകളിലും മാസത്തിലൊരിക്കൽ എന്ന തോതിൽ എത്തഫോൺ പുരട്ടുന്നത് തുടരാം.

വേനൽകാലത്ത് ടാപ്പിങ് ആദായകരമായി തുടരണമെങ്കിൽ തോട്ടത്തിൽ ഈർപ്പം നിലനിർത്തണം. മരങ്ങൾ വളർന്ന് ടാപ്പിങ്ങിന് പാകമാവുമ്പോഴേയ്ക്കും ആവരണവിളകൾ നശിച്ചു തുടങ്ങും. അതിനാൽ ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ ആവരണവിളകൾ മൂലമുള്ള പ്രയോജനം ലഭിക്കുന്നത് കുറവായിരിക്കും. എന്നാൽ, മഴക്കാലം തുടങ്ങുമ്പോൾതന്നെ നീർക്കുഴികൾ എടുത്തിട്ടുള്ള തോട്ടങ്ങളിൽ ഉണക്കിന്റെ കാഠിന്യം റബ്ബർ മരങ്ങളെ കാര്യമായി ബാധിക്കാറില്ല. ആദായകരമായ



നീർക്കുഴികൾ എടുത്തിട്ടുള്ള തോട്ടം

ഉത്പാദനം ലഭിക്കുന്നുണ്ടെങ്കിൽ ടാപ്പിങ് നിർത്തേണ്ട ആവശ്യമില്ല. വേനൽകാലത്തും ഇങ്ങനെയുള്ള തോട്ടങ്ങളിൽ ഇടവേളകൂടിയ ടാപ്പിങ് തുടരാം.

കൂടാതെ, തോട്ടങ്ങളിൽ വേനൽകാലസംരക്ഷണ നടപടികളും സ്വീകരിക്കണം. ടാപ്പുചെയ്യുന്ന മരങ്ങളുടെ വെട്ടുപട്ടയിൽ വേനലിനെ ചെറുക്കാനായി പ്രത്യേകിച്ച് ഒന്നും പുരട്ടേണ്ടതില്ല. തോട്ടത്തിന്റെ അതിരിൽ (തെക്കുവശത്തും പടിഞ്ഞാറുവശത്തും) നിൽക്കുന്ന മരങ്ങളിൽ വെയിൽ ഏൽക്കുന്നുണ്ടെങ്കിൽ ആ ഭാഗത്ത് മാത്രം ചുണ്ണാമ്പ് ഉപയോഗിച്ച് വെള്ള പൂശിയാൽ മതി. വേനൽകാലത്ത് റബ്ബർകോട്ട് പോലുള്ള ചൂട് ആഗിരണം ചെയ്യുന്ന കറുത്ത വസ്തുക്കൾ പുരട്ടുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും.

റെയിൻഗാർഡ് ചെയ്തിട്ടുള്ള തോട്ടങ്ങളിൽ ടാപ്പിങ് ഷേഡുകൾ കേടുവരാതെ മരത്തിൽനിന്ന് ഇളക്കിയെടുക്കണം. അവ അടുത്തവർഷം വീണ്ടും ഉപയോഗിക്കാം. പാവാട റെയിൻ ഗാർഡ് പിടിപ്പിച്ചിട്ടുള്ള മരങ്ങളിൽ അവ മരത്തോട് ചേർന്ന് രണ്ടിഞ്ചു നിർത്തി ബാക്കി മുറിച്ച് മാറ്റാവുന്നതാണ്. മരത്തിൽ പിടിച്ചിരിക്കുന്ന പശയും പിന്നുകളും ഇളക്കി മാറ്റേണ്ടതില്ല. അവ കാലക്രമേണ തനിയെ ഇളകിപ്പോകും. ചൂടു കൂടുന്നതോടെ റബ്ബർതോട്ടങ്ങളിൽ തീപിടുത്തം ഉണ്ടാകാനുള്ള സാധ്യത കൂടും. ഇലകൊഴിച്ചിൽ സമയത്ത് റബ്ബറിൽ നിന്ന് വീണ ഇലകളും ഉണങ്ങിയ പുല്ലുകളും തീ പിടിക്കുന്നതിനുള്ള സാധ്യത കൂട്ടും. ഇത് ഒഴിവാക്കാൻ തോട്ടത്തിന് ചുറ്റും മൂന്നു മുതൽ അഞ്ചു വരെ മീറ്റർ വീതിയിൽ റോഡ് പോലെ (ഫയർബെൽറ്റ്) കരിയിലകളും ചപ്പുചവറുകളും നീക്കം ചെയ്യണം. വേനൽ തീരുന്നതുവരെ ഇടയ്ക്ക് ഫയർബെൽറ്റ് തൂത്ത് വൃത്തിയാക്കുന്നത് തോട്ടത്തിലേക്ക് തീ പടരുന്നതിനെ തടയും.

വേനലിന്റെ തീവ്രത ഓരോ വർഷവും കൂടിക്കൊണ്ടാണിരിക്കുന്നത്. ഇടവേള കുറഞ്ഞ രീതിയിലുള്ള ടാപ്പിങ് തുടരുന്നവർക്ക് വേനൽകാലത്ത് വിളവെടുക്കാൻ കഴിയാതെ വരും. വാർഷികോത്പാദനം വലിയ തോതിൽ കുറയുന്നതിന് അതു കാരണമാകും. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ റബ്ബർകൃഷിയിൽ തുടരണമെങ്കിൽ പരമാവധി വിളവ് എടുക്കേണ്ടിവരും. അതിനുള്ള ഏകമാർഗം വേനൽകാലം ഉൾപ്പെടെ വർഷം മുഴുവൻ കൃത്യമായി ടാപ്പിങ് നടത്തുക എന്നതാണ്. ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ നടപ്പാക്കിയാൽ മാത്രമേ ഇത് സാധ്യമാകൂ. മാത്രമല്ല ടാപ്പിങ്ങിനുള്ള ചെലവ് കുറയ്ക്കാനും സാധിക്കും. •



ഡോ. വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർചരിത്രം 17

# നൂറ്റാണ്ട് കഴിഞ്ഞ ഇന്ത്യൻ റബ്ബർമരങ്ങൾ

ഒരു റബ്ബർമരം എത്ര കാലം നിലനിൽക്കുമെന്ന ചോദ്യത്തിന് ഉത്തരമായി ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ഒറ്റപ്പെട്ട് നിൽക്കുന്ന വടവൃക്ഷങ്ങളെ ഇന്നും കാണാം. ആമസോൺ വനാന്തരങ്ങളിൽ നിന്ന് പെറുക്കിയെടുത്ത റബ്ബർവിത്തുകളിൽനിന്ന് വളർന്നുവന്ന മരങ്ങൾ കാര്യമായ പരിചരണങ്ങളൊന്നുമില്ലാതെ തന്നെ തനതുപ്രദേശങ്ങളിലെ കാലാവസ്ഥയുമായി താദാത്മ്യം പ്രാപിച്ച് ചില സ്ഥലങ്ങളിൽ നിലകൊള്ളുന്നു. ഇങ്ങനെയുള്ള ചില റബ്ബർ മരങ്ങളെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.

## സിലിഗുരി (പശ്ചിമബംഗാൾ)

ഇന്ത്യയിലെത്തിയ വിദേശീയർ തേയിലത്തോട്ടങ്ങളും ഒപ്പം തന്നെ സംസ്കരണശാലകളും 1850-കളിൽതന്നെ സ്ഥാപിച്ചു. പിന്നീടാണ് റബ്ബർ വന്നത്. ബ്രിട്ടണിലെ 'ക്യൂ' ബൊട്ടാണിക്കൽ ഗാർഡനിൽ നിന്ന് ഇന്ത്യയിലെത്തിച്ച റബ്ബർവിത്തുകൾ കൽക്കട്ട ബൊട്ടാണിക്കൽ ഗാർഡനിൽ പരീക്ഷണാടിസ്ഥാനത്തിൽ നട്ടുവെങ്കിലും കിളിർത്തുവന്ന തൈകൾ പിന്നീട് പ്രതികൂലകാലാവസ്ഥയിൽ ഉണങ്ങിപ്പോയി. റബ്ബർ നട്ടുവളർത്താനുള്ള ഉദ്യമം വീണ്ടും തുടർന്നു. തേയിലത്തോട്ടങ്ങളായിരുന്നു പിന്നീടതിന് തട്ടകങ്ങളായത്. തോട്ടത്തിനകത്തുകൂടിയുള്ള മൺപാതകൾക്കിരുവശങ്ങളിലുമായി അലങ്കാരവൃക്ഷങ്ങൾ നടുന്നതുപോലെ റബ്ബർവിത്തുകൾ നട്ടു. അങ്ങനെ വളർന്ന മരങ്ങളിൽ ചിലത് ബംഗാളിലെ സിലിഗുരി-ഡാർജിലിങ് പാതയുടെ അടുത്തായി സ്ഥിതിചെയ്യുന്ന നർബോങ് തേയിലത്തോട്ടത്തിൽ ഇന്നും കാണാം. 1910 കാലഘട്ടത്തിൽ നട്ടതായി കരുതപ്പെടുന്ന ഈ ബീജറബ്ബർമരങ്ങളുടെ തായ്ത്തടിക്ക് അഞ്ചു മീറ്ററിലേറെ വണ്ണമുണ്ട്. പ്രായമായ ഈ മരങ്ങൾ അതിശൈത്യത്തെ തരണം ചെയ്തുകൊണ്ട് ഒരു നൂറ്റാണ്ടിലേറെയായി തേയിലച്ചെടികളുടെ ഇടയിൽ നിൽക്കുന്നു. ഇന്നും ഈ റബ്ബർമരങ്ങളിൽ പൂവും കായും ഉണ്ടാകുന്നുണ്ട്.





## ഹൈലകണ്ടി (അസം)

ഏതാണ്ട് ഇതേ കാലയളവിൽ നട്ട കുറച്ചു റബ്ബർമരങ്ങൾ അസമിലെ ഹൈലകണ്ടി ജില്ലയിൽ ഇന്നും കാണാവുന്നതാണ്. സിൽചാറിൽനിന്നും ഹൈലകണ്ടി -ലാലബസാർ വഴി ഗ്ലാച്ചിറ-ബിലായ്പൂർ റോഡിലൂടെ 90 കിലോമീറ്റർ ദൂരം യാത്ര ചെയ്താൽ റബ്ബർമരങ്ങൾ നിൽക്കുന്ന നുനായ് ഫോറസ്റ്റ് വില്ലേജിൽ എത്താവുന്നതാണ്. ചരിത്രരേഖകളുടെ അപര്യാപ്തതകൊണ്ട് ഒറ്റപ്പെട്ടു നിൽക്കുന്ന മരങ്ങളെക്കുറിച്ച് അറിയാവുന്നവർ ഇന്ന് കുറവാണ്. ഏറെ ശ്രമങ്ങൾക്കൊടുവിലാണ് ഈ മരങ്ങളെ കണ്ടെത്താനായത്.

അവിടുത്തെ പ്രധാനപാതയോടു ചേർന്ന് നിലവിലുള്ള പത്തു വൻ റബ്ബർമരങ്ങൾ നിൽക്കുന്ന സ്ഥലം ഇന്ന് വനംവകുപ്പിന്റെ കൈവശമാണ്. ഇരിമ്പുവേലി കെട്ടി തിരിച്ചിരിക്കുന്ന ഭൂമിയിൽ നിൽക്കുന്ന മരങ്ങളിൽ നിന്ന് ഒരുകാലത്ത് ടാപ്പിങ്ങിലൂടെ റബ്ബർ ശേഖരിച്ചിരുന്നു. അസമിൽ വ്യാപകമായി കണ്ടിരുന്ന *ഫൈക്കസ് ഇലാസ്റ്റിക്ക* (അസം റബ്ബർ) എന്ന ബോർഡാണ് *ഹീവിയ ബ്രസീലിയൻസിസ്* മരങ്ങൾക്കുമേൽ പതിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ *ഹീവിയ* മരത്തെക്കുറിച്ച് വനംവകുപ്പിൽ അന്വേഷിച്ചാലും ഈ മരങ്ങളെ കണ്ടെത്താനാകില്ല. ചുറ്റും വേലി കെട്ടിയിരിക്കുന്നതുകൊണ്ടും ബോർഡ് സ്ഥാപിച്ചിരിക്കുന്നതുകൊണ്ടും ഈ വൃക്ഷങ്ങൾ സംരക്ഷണവലയത്തിനുള്ളിലാണ് എന്നു പറയാം.

മരങ്ങൾക്കെല്ലാം മൂന്നുമീറ്ററിൽ കൂടുതൽ വണ്ണമുണ്ട്. വലിയ മരത്തിനാകട്ടെ അഞ്ചേമുക്കാൽ മീറ്ററും. കാലപ്പഴക്കത്തിന്റേതായ ലക്ഷണങ്ങൾ ഒരു മരത്തിനുമില്ല. റബ്ബർമരങ്ങളെ തിരിച്ചറിയാൻ രോഗങ്ങളൊന്നുമില്ലാത്ത നല്ല ഇലച്ചിൽ ഏറെ സഹായകമായി. പട്ടയ്ക്ക് 12-15 മില്ലീമീറ്റർ കനമുണ്ട്. മരങ്ങൾ തമ്മിൽ 15-20 മീറ്റർ അകലവുമുണ്ട്. മരങ്ങളിലെല്ലാം തന്നെ നല്ല രീതിയിൽ 'ഫേൺ' വിഭാഗത്തിൽപ്പെട്ട ചെടികൾ വളർന്നു നിൽക്കുന്നുണ്ട്. വർഷകാലത്ത് ഇവിടെ ഒന്നര മീറ്ററിൽ കൂടുതൽ ഉയരത്തിൽ വെള്ളം കയറി ദിവസങ്ങളോളം കെട്ടിക്കിടക്കും. പണ്ടുകാലത്ത് ഇവിടം തേയിലത്തോട്ടമായിരുന്നുവെന്ന് സമീപവാസികളിൽ ചിലർ ഓർമ്മിക്കുന്നു.

തൊട്ടടുത്തുതന്നെ റോഡിന്റെ മറുവശത്തായി വലിയൊരു തേയിലത്തോട്ടമുണ്ട്. വില്ലേജ് നിവാസികളുടെ കുടിയേറ്റവും റോഡ് വിപുലീകരണവും മൂലം തേയിലത്തോട്ടത്തിന്റെ ഭാഗമായിരുന്ന, മിച്ചം വന്ന ഈ തുണ്ടുഭൂമി ഒറ്റപ്പെട്ടു പോയത് പിന്നീട് വനംവകുപ്പ് ഏറ്റെടുത്തതാകാം എന്നു കരുതുന്നു. ഒരു പക്ഷേ, തേയിലച്ചെടികൾക്ക് തണൽവൃക്ഷമായിട്ടു കൂടിയായിരുന്നിരിക്കും പരീക്ഷണാടിസ്ഥാനത്തിൽ റബ്ബർമരങ്ങളെ നട്ടുപിടിപ്പിച്ചത്. റബ്ബർബോർഡിന്റെ സിൽചാർ ഓഫീസിലെ ഉദ്യോഗസ്ഥർ, ഡോ. ഭാസ്കർ ദത്ത, ലേഖകൻ എന്നിവരടങ്ങുന്ന സംഘമാണ് ഈ മരമുത്തച്ഛന്മാരുടെ ജനിതക സ്രോതസ്സിന്റെ ഭാവിസാദ്ധ്യതകളെക്കുറിച്ച് വിലയിരുത്തുന്നതിന് അവിടെ എത്തിയത്. തേയിലത്തോട്ടത്തിനോടനുബന്ധമായി പത്തു കിലോമീറ്ററോളം മാറി ഇതുപോലെതന്നെ മറ്റൊരു കൂട്ടം റബ്ബർമരങ്ങൾകൂടി ഉള്ളതായി പറയപ്പെടുന്നു.

## തീക്കോയി എസ്റ്റേറ്റ് (കേരളം)


മുണ്ടക്കയം മേഖലയിൽ ജെ.ജെ. മർഫിയുടെ നേതൃത്വത്തിൽ വ്യാപകമായ റബ്ബർകൃഷിക്ക് 1904-ൽ തുടക്കം കുറിച്ചു. തുടർന്നുള്ള വർഷങ്ങളിൽ സ്ഥാപിച്ച എസ്റ്റേറ്റുകളിലൊന്നാണ് ഈരാറ്റുപേട്ടയിൽനിന്ന് എട്ടു കിലോമീറ്റർ മാറിയുള്ള തീക്കോയി എസ്റ്റേറ്റ്. എസ്റ്റേറ്റ് ഓഫീസിനോടുചേർന്ന് കേടുപാടുകളൊന്നുമില്ലാതെ നിൽക്കുന്ന റബ്ബർമരത്തിന് മൂന്നു മീറ്ററിലേറെ വണ്ണമുണ്ട്. ഈ മരത്തിന്റെ സമീപത്തുള്ള ക്വാർട്ടേഴ്സിൽ താമസിക്കുന്ന മുഹമ്മദിന് പ്രായം എഴുപതായി. തന്റെ ബാല്യകാലത്തും ഈ മരത്തിനു നല്ലവണ്ണമുണ്ടായിരുന്നതായി അദ്ദേഹം ഓർമ്മിക്കുന്നു. അങ്ങനെയെങ്കിൽ മരമുത്തച്ഛനെ മർഫി സായിപ്പിന്റെ കാലത്തു നട്ടതാണെന്നും അതിന് നൂറു വർഷത്തിലേറെ പ്രായമുണ്ടാകുമെന്നും അനുമാനിക്കാം.

## തിരുവനന്തപുരം (കേരളം)

ഇന്ത്യയിലെ ഏറ്റവും കാലപ്പഴക്കമേറിയ റബ്ബർ മരം നിലകൊള്ളുന്നത് തിരുവനന്തപുരത്തെ മ്യൂസിയത്തിലാണ്. ഇതിന്റെ പ്രായം 142 വർഷം. കാനറാ, മലബാർ, തിരുവിതാംകൂർ, ബർമ എന്നീ പ്രദേശങ്ങൾ റബ്ബർകൃഷിക്ക് യോജിച്ചതാണെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ 'ഡയറക്ടർ ജനറൽ ഓഫ് ഫോറസ്റ്റ്' ആയിരുന്ന സർ ഡയട്രിക് ബ്രാൻഡിസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'ക്യൂ' ബൊട്ടാണിക്കൽ ഗാർഡനിൽ നിന്ന് ഏതാനും കിളിർത്ത വിത്തുകൾ 1873-ൽ കൽക്കട്ട ബൊട്ടാണിക് ഗാർഡനിൽ എത്തിയെങ്കിലും ഏറെ വൈകാതെ പ്രതികൂലസാഹചര്യത്തിൽ തൈകൾ ഉണങ്ങിപ്പോവുകയായിരുന്നു എന്നാണ്





മനസ്സിലാക്കാൻ കഴിയുന്നത്. 1875-ൽ നടത്തിയ ശ്രമവും വിജയം കണ്ടില്ല. സർ ഹെൻട്രി വിക്ക് ഹാം 1876-ൽ ബ്രസീലിൽ നിന്നും ശേഖരിച്ച വിത്തുകൾ 'ക്യൂ' ഗാർഡനിൽ മുളപ്പിച്ചു. അതിൽ 1919 എണ്ണം സിലോണിലേക്കയച്ചു. 1879-ൽ സിലോണിൽ നിന്നും അയച്ച 33 റബ്ബർതൈകളിൽ 28 എണ്ണം നിലമ്പൂരിൽ നട്ടു. എന്നാൽ, നിലമ്പൂരിന്റെ സൽപ്പേര് ലോകമെമ്പാടുമെത്തിച്ചത് ബ്രിട്ടീഷുകാർ അവിടെ തുടങ്ങിയ തേക്കുകൃഷിയാണ്. നിലമ്പൂർ തേക്കിന്റെ നിറവും മണവും ലണ്ടനിലെത്തിയത് നിലമ്പൂർ-ഷൊർണൂർ റെയിൽ പാതയിലൂടെയായിരുന്നു.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീ വിശാഖം തിരുനാളിന് 1880-ൽ ബ്രിട്ടീഷുകാർ നൽകിയ രണ്ടു റബ്ബർതൈകൾ കൊട്ടാരം വക വളപ്പിൽ നട്ടതിലൊന്നാണ് തിരുവനന്തപുരം മ്യൂസിയത്തിൽ ഏകനായി നിലകൊള്ളുന്ന ഈ മരം. നാലു മീറ്ററിലേറെ വണ്ണമുള്ള ഈ മരം ഒറ്റനോട്ടത്തിൽ തിരിച്ചറിയുക ശ്രമകരമാണ്.

## ഓർമ്മയായി

ഒരു തോട്ടവിളസംരംഭമായി ഇന്ത്യയിൽ റബ്ബർ കൃഷി ആരംഭിക്കുന്നത് 1902-ൽ പെരിയാറിന്റെ തീരത്ത് തട്ടേക്കാടാണ്. അന്ന് നട്ട മരങ്ങളിലൊന്ന് പ്രത്യേകമായി പരിപാലിച്ചുകൊണ്ട് നിലനിർത്തിയിരുന്നു. മറ്റൊന്ന് കാഞ്ഞിരപ്പള്ളിക്കടുത്ത് 1904-ൽ നട്ട മരമായിരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് ഇവ രണ്ടും നിലംപൊത്തി. ചരിത്രസാക്ഷ്യം പേറി നിൽക്കുന്ന ഇത്തരം മരങ്ങൾ ശ്രമകരമായ തിരച്ചിലിലൂടെ ഇനിയും കണ്ടെത്താനാകും. അവയിൽ അന്തർലീനമായിരിക്കുന്ന ജനിതകവൈവിദ്ധ്യത്തിന്റെ അനന്തസാദ്ധ്യതകളെ തിരിച്ചറിയേണ്ടതായിട്ടുണ്ട്.

## തോട്ടത്തിൽ നിന്നൊരു നോബൽ

1850-കളിൽ അസമിലെ തേയിലത്തോട്ടങ്ങൾ സജീവമായെങ്കിലും സഹ്യപർവ്വതമേഖലയിൽ തേയിലക്കൃഷി വരാൻ കാത്തിരിക്കേണ്ടിവന്നു. തേയിലയുൾപ്പെടെ തോട്ടവിളകളുടെ ധ്രുതഗതിയിലുള്ള വ്യാപനത്തിന് തടസ്സമായത് മലേറിയ, ഹുക്കുവേം എന്നിവ കാരണം തൊഴിലാളികൾ മരണപ്പെട്ടിരുന്നതാണ്. രോഗപ്രതിരോധം ആരോഗ്യപരിപാലനരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നവർക്ക് ശ്രമകരമായിരുന്നു.

അസമിലെ കച്ചാർ ജില്ലയിലെ ലബോക് ദേവൻ തേയിലത്തോട്ടത്തിനകത്തെ ആശുപത്രിയിലായിരുന്നു ഡോ. റൊണാൾഡ് റോസിന്റെ ആതുരസേവനം. ഇടവേളകളിൽ മലേറിയക്കെതിരെ അദ്ദേഹം നടത്തിയ വിശ്രമമില്ലാത്ത ഗവേഷണങ്ങൾക്കൊടുവിൽ കൊതുകുകൾ പരത്തുന്ന മലേറിയേ രോഗാണുക്കളെ കണ്ടെത്തി. മാനവരാശിയുടെ നിലനിൽപിനുതന്നെ വെല്ലുവിളിയുയർത്തിയ രോഗാണുവിനെ കണ്ടെത്തിയ ഡോ. റോസിന് 1902-ൽ മെഡിസിനിൽ നോബൽ സമ്മാനം നൽകി ആദരിച്ചു. ഡോ. റോസിന്റെ കണ്ടെത്തലുകൾക്ക് വഴിതെളിച്ച മൈക്രോസ്കോപ്പ് ഇന്നും എസ്റ്റേറ്റിൽ സൂക്ഷിച്ചിട്ടുണ്ട്.

ദേവൻ എസ്റ്റേറ്റിൽ ദശാബ്ദങ്ങളായി റബ്ബർകൃഷിയും ആർആർഐഐ 429, ആർആർഐഎം 600 എന്നിവയുടെ ബഡ്ഡുവുഡ്ഡ് നഴ്സറിയുമുണ്ട്. ശാസ്ത്രീയമായിത്തന്നെ നിലകൊള്ളുന്ന ഈ നഴ്സറിയുടെ തുടക്കത്തിന് 1988 കാലഘട്ടത്തിൽ പ്രതിബന്ധങ്ങളെ അതിജീവിച്ചുകൊണ്ട് ടി. ഹരിഹരനും (റിട്ട. ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ) സംഘവും നടത്തിയ ശ്രമങ്ങൾ ശ്ലാഘനീയം തന്നെ. അക്കാലത്ത് നട്ടുപിടിപ്പിച്ച ബഡ്ഡുവുഡ്ഡ് നഴ്സറികൾ അസം, മേഘാലയ എന്നിവിടങ്ങളിലുള്ളതായും അറിയാൻ കഴിഞ്ഞു. *(തുടരും)*

# GOLDEN TOUCH®



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**
**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC
Estd. 1981

## *Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

# കാംപെയ്ൻ 2022

'റബ്ബറുത്പാദകസംഘങ്ങളുടെ നവീകരണം യുവജന പങ്കാളിത്തത്തോടെ' എന്ന വിഷയത്തെ അധികരിച്ച് റബ്ബർബോർഡ് വിവിധ സ്ഥലങ്ങളിൽ നടത്തിയ തീവ്രബോധവത്കരണപരിപാടികളുടെ റിപ്പോർട്ടുകൾ.

## ചങ്ങനാശ്ശേരി



ചങ്ങനാശ്ശേരി റീജിയണിലെ കറുകച്ചാൽ ഫീൽഡ് സ്റ്റേഷന്റെ പരിധിയിലുള്ള കടയിനിക്കാട് റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2022-ന്റെ ഭാഗമായി യോഗം സംഘടിപ്പിച്ചു. ഡെവലപ്മെന്റ് ഓഫീസർ കുരുവിള ചെറിയാൻ യോഗം ഉദ്ഘാടനം ചെയ്തു. ഉത്പാദകസംഘം പ്രസിഡന്റ് റ്റി.റ്റി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മണിമലയാർ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ ജോർജ്ജ് തോമസ്, ഫീൽഡ് ഓഫീസർ ആഷാ ജോൺ എന്നിവർ ക്ലാസ്സുകളെടുത്തു.

## തൃശൂർ



തൃശൂർ റീജിയണിൽ വടക്കാഞ്ചേരി ഫീൽഡ് സ്റ്റേഷന്റെ പരിധിയിലുള്ള കുറുമല റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2022-ന്റെ ഭാഗമായി യോഗം സംഘടിപ്പിച്ചു. സംഘം പ്രസിഡന്റ് കെ.പി. തങ്കച്ചൻ അദ്ധ്യക്ഷത വഹിച്ചു. ഡെവലപ്മെന്റ് ഓഫീസർ മേരിയമ്മ പി. തോമസ് യോഗം ഉദ്ഘാടനം ചെയ്തു. കുറുമല മലങ്കര കത്തോലിക്കാ പള്ളി വികാരി റവ. ഫാ. സജി അറയ്ക്കൽ, സംഘം വൈസ് പ്രസിഡന്റ് കുര്യൻ എന്നിവർ സംസാരിച്ചു. വള്ളത്തോൾ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ ടി.ഒ. ജോജോ, അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ കെ. രാജലക്ഷ്മി എന്നിവർ ക്ലാസ്സുകളെടുത്തു.

## തലശ്ശേരി



തലശ്ശേരി റീജിയണിലെ കരിക്കോട്ടക്കരി ഫീൽഡ് സ്റ്റേഷന്റെ പരിധിയിലുള്ള കരിക്കോട്ടക്കരി റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2022-ന്റെ ഭാഗമായി നടത്തിയ യോഗത്തിൽ സംഘം പ്രസിഡന്റ് തങ്കച്ചൻ മച്ചിത്താനിക്കൽ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻകമ്മീഷണർ ഇൻ-ചാർജ് ചന്ദ്രൻ കറാത്ത യോഗം ഉദ്ഘാടനം ചെയ്തു.

## കാസറഗോഡ്



കാസറഗോഡ് റീജിയണിലെ കുണ്ടംകുഴി ഫീൽഡ് സ്റ്റേഷന്റെ പരിധിയിലുള്ള കുണ്ടംകുഴി റബ്ബറുത്പാക സംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2022-ന്റെ ഭാഗമായി യോഗം സംഘടിപ്പിച്ചു. സംഘം പ്രസിഡന്റ് ഇ. കുഞ്ഞിരാമന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ബേദഡുക്ക ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ. ധന്യ ഉദ്ഘാടനം ചെയ്തു. കുണ്ടംകുഴി ഫീൽഡ് ഓഫീസർ പി.എസ്. അനിൽകുമാർ ക്ലാസ്സെടുത്തു.

## പത്തനംതിട്ട



പത്തനംതിട്ട റീജിയണിലെ കോഴഞ്ചേരി ഫീൽഡ് സ്റ്റേഷന്റെ പരിധിയിലുള്ള ഉള്ളന്നൂർ റബ്ബറുത്പാദക സംഘത്തിന്റെ ആഭിമുഖ്യത്തിൽ കാംപെയ്ൻ 2022-ന്റെ ഭാഗമായി യോഗം സംഘടിപ്പിച്ചു. സംഘം പ്രസിഡന്റ് ദിലീപ് കുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻകമ്മീഷണർ ഇൻ-ചാർജ് ഷൈനി കെ. പൊന്നൻ ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ റോസമ്മ ഏബ്രഹാം ക്ലാസ്സെടുത്തു.



> **ടാപ്പിങ് തുടങ്ങിയിട്ടില്ലാത്ത മരങ്ങൾ മാർക്കു ചെയ്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്. ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരത്തിൽ 50 സെന്റീമീറ്റർ വണ്ണമെത്തിയ മരങ്ങൾ ടാപ്പുചെയ്തു തുടങ്ങാം. തോട്ടത്തിലെ 70 ശതമാനം മരങ്ങളും വണ്ണമെത്തിയശേഷം ടാപ്പിങ് തുടങ്ങുന്നതാണ് ആദായകരം.**



# മാർച്ചുമാസത്തെ കൃഷിപ്പണികൾ

## നഴ്സറിയിൽ

നഴ്സറിയിലെ തൈകൾ നാലു ദിവസത്തിലൊരിക്കലെങ്കിലും നനയ്ക്കണം. നഴ്സറി പല ഭാഗങ്ങളായി തിരിച്ച് രാവിലെയും വൈകിട്ടും മാറി മാറി നനയ്ക്കാവുന്നതാണ്.

കൂടതൈതെനഴ്സറിയിൽ കളയെടുപ്പു നടത്തുകയും തൈകളുടെ ഒട്ടുകണ്ണിൽനിന്നല്ലാതെയുള്ള കിളിർപ്പുകൾ മുറിച്ചുനീക്കുകയും വേണം. മൂർച്ചയുള്ള ഒരു കത്തിയോ ബ്ലേഡോ ഉപയോഗിച്ചു വേണം കിളിർപ്പുകൾ മുറിച്ചുമാറ്റാൻ. തൈകൾക്ക് ഒരു തട്ട് ഇലകൾ മൂപ്പെത്തിയിട്ടുണ്ടെങ്കിൽ വളം ചേർക്കാം. ഇനിയും ഒട്ടുകണ്ണ് മുളയ്ക്കാത്ത തൈകളിൽ ഒട്ടുകണ്ണ് (ഉണങ്ങിപ്പോയിട്ടില്ലെങ്കിൽ) കിളിർപ്പിക്കാവുന്നതാണ്. ഇതിനായി ഒട്ടുകണ്ണിന്റെ മുകളിലായി തൈക്കുറ്റിയിൽ മൂർച്ചയുള്ള ഒരു കത്തി ഉപയോഗിച്ച് ചുറ്റിലും തടിവരെ ആഴത്തിൽ മുറിയത്തക്കരീതിയിൽ വരഞ്ഞാൽ മതിയാകും.

നഴ്സറിയിലെ തൈകളിൽ പൊടിക്കുമിൾരോഗം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അവയുടെ തളിരിലകളിൽ ഗന്ധകപ്പൊടി വിതറിക്കൊടുക്കുകയോ വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം (രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുകയോ കാർബെൻഡാസിം ഒരു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിക്കുകയോ ചെയ്യണം. തൈകളിൽ ഇലപ്പുള്ളി രോഗം കാണുന്നുവെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം.

## കൃഷിയിടത്തിൽ

തോട്ടത്തിലെ തൈകളിൽ നിലനിരപ്പിൽനിന്ന് എട്ടടിയിൽ താഴെയുണ്ടാകുന്ന ശാഖകൾ നീക്കം ചെയ്യണം. കിളിർപ്പുകൾ ആരംഭത്തിൽ തന്നെ മൂർച്ചയുള്ള കത്തി ഉപയോഗിച്ച് മുറിച്ചു നീക്കണം.

ടാപ്പിങ് തുടങ്ങിയിട്ടില്ലാത്ത മരങ്ങൾ മാർക്കു ചെയ്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്. ഒട്ടുബന്ധത്തിൽനിന്ന് 125 സെന്റീമീറ്റർ ഉയരത്തിൽ 50 സെന്റീമീറ്റർ വണ്ണമെത്തിയ മരങ്ങൾ ടാപ്പുചെയ്തു തുടങ്ങാം. തോട്ടത്തിലെ 70 ശതമാനം മരങ്ങളും വണ്ണമെത്തിയശേഷം ടാപ്പിങ് തുടങ്ങുന്നതാണ് ആദായകരം. ടാപ്പിങ്ങുകാരന് മരത്തിന്റെ എണ്ണക്കുറവ് പ്രശ്നമല്ലാതിരിക്കുന്ന സാഹചര്യത്തിലും ഉടമ സ്വന്തമായി ടാപ്പുചെയ്യുന്ന സാഹചര്യത്തിലും വണ്ണമെത്തിയ മരങ്ങൾ മാത്രം തെരഞ്ഞെടുത്ത് ടാപ്പിങ് തുടങ്ങാവുന്നതാണ്.

വേനൽക്കാലവിശ്രമത്തിനായി ടാപ്പിങ് നിർത്തിയിരുന്ന തോട്ടങ്ങളിൽ ഇപ്പോൾ ടാപ്പിങ് പുനരാരംഭിക്കാം. ടാപ്പിങ് പുനരാരംഭിക്കുന്ന തോട്ടങ്ങളിലും തുടരുന്ന തോട്ടങ്ങളിലും ചില്ലും ചിരട്ടയും (പ്ലാസ്റ്റിക് കപ്പ്) മറ്റും വൃത്തിയാക്കാനുള്ള സമയവും ഇതുതന്നെ. പുകപ്പുരയിലും സംസ്കരണശാലയിലും ആവശ്യമെങ്കിൽ അറ്റകുറ്റപ്പണികൾ നടത്തണം.





അടുത്ത മഴക്കാലത്തിനുമുമ്പായി തോട്ടങ്ങളിൽ മരുന്നുതളി നടത്തേണ്ടതുള്ളതിനാൽ സ്പ്രേയറുകൾ നന്നാക്കുക. കുമിൾനാശിനി, സ്പ്രേ ഓയിൽ തുടങ്ങിയവ സംഭരിക്കുക തുടങ്ങിയവയ്ക്കാവശ്യമായ ഒരുക്കങ്ങൾ തുടങ്ങിവയ്ക്കാം. അതുപോലെതന്നെ അടുത്ത സീസണിലേക്കാവശ്യമായ റെയിൻഗാർഡിങ്ങിനുള്ള സാമഗ്രികളും ഉത്തേജകൗഷധങ്ങളും സംഭരിക്കാനുള്ള നടപടികളും തുടങ്ങാം. ഈ തയ്യാറെടുപ്പുകൾ ഒക്കെയും ശരിയായ സമയത്തു പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ റെയിൻഗാർഡിങ്ങും സ്പ്രെയിങ്ങുമൊക്കെ യഥാസമയം ചെയ്യാൻ പറ്റാതെ വരികയും അത് പലപ്പോഴും ആദായനഷ്ടത്തിനിടയാക്കുകയും ചെയ്യും.

## ഫയർബെൽറ്റ്

വേനൽകാലത്ത് റബർതോട്ടങ്ങളിലേക്ക് തീ പടരാതിരിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള ഫയർബെൽറ്റുകളിൽ വീണിട്ടുള്ള കരിയിലകൾ ഇടയ്ക്കിടയ്ക്ക് തൂത്ത് വൃത്തിയാക്കിയിടണം. തോട്ടത്തിന് പുറമേ തീ പടർന്നാലും അത് തോട്ടത്തിനകത്തേക്ക് എളുപ്പം വ്യാപിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. തോട്ടത്തിനോട് ചേർന്നുള്ള വഴിയരികിൽ തീപിടുത്തം സംബന്ധിച്ച മുന്നറിയിപ്പുബോർഡുകൾ വയ്ക്കുന്നതും നല്ലതാണ്.

## മണ്ണുപരിശോധന

വളം ചേർക്കുന്നതിനു മുന്നോടിയായി തോട്ടത്തിലെ മണ്ണുപരിശോധിക്കുന്നത് നന്നായിരിക്കും. അങ്ങനെയെങ്കിൽ തോട്ടത്തിലെ മണ്ണുപരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിനു പറ്റിയ സമയവും മാർച്ചുമാസം തന്നെ.

അടുത്ത നടീൽകാലത്ത് ആവർത്തനക്കൃഷിയും പുതുക്കൃഷിയും ചെയ്യാനുദ്ദേശിക്കുന്നവർക്ക് അതിനുള്ള ഒരുക്കങ്ങൾ തുടങ്ങാം. പഴയ റബ്ബർമരങ്ങളും തൈകളുടെ വളർച്ചയെ ബാധിച്ചേക്കാവുന്ന മറ്റു മരങ്ങളും മുറിച്ചുനീക്കണം.

കൃഷിയിടത്തിൽ നിശ്ചിത അകലത്തിൽ കുഴികളുടെ സ്ഥാനം അടയാളപ്പെടുത്തി നിരകൾ എടുക്കണം. ഒന്നു രണ്ടു മഴ ലഭിച്ചാലുടനെ കുഴികളെടുത്തു തുടങ്ങാം.

തോട്ടത്തിലൂടെയുള്ള വഴികളും നടപ്പാതകളും തെളിക്കാനും ശ്രദ്ധിക്കണം. യന്ത്രസഹായത്താൽ കുഴികളെടുത്താൽ ചെലവ് കുറയ്ക്കാം. കുഴിയെടുപ്പ് പൂർത്തിയായാലുടൻ ഇടക്കയ്യാലകളോ ബണ്ടുകളോ കേടുപോക്കേണ്ടതുണ്ടെങ്കിൽ അതും പൂർത്തിയാക്കണം. മണ്ണു-ജലസംരക്ഷണത്തിനുള്ള ജോലികളും തുടങ്ങിവയ്ക്കാം. ●

# കോൾ സെന്ററിൽനിന്ന്...





*പി.ആർ. ശിവരാമൻ കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറിന്റെ വേനൽകാല പരിചരണം' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ് പി.ആർ. ശിവരാമൻ, 'തേനീച്ചവളർത്തലും തേൻവിളവെടുപ്പും' എന്ന വിഷയത്തിൽ തേനീച്ചവളർത്തൽ പരിശീലകൻ ബിജു ജോസഫ് എന്നിവർ കർഷകരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറിന്റെ വേനൽകാലപരിചരണം

1. ***നഴ്സറികളിലെ റബ്ബർതൈകൾക്ക് വേനൽകാലത്ത് എന്തൊക്കെ പരിചരണം നൽകണം?***

   വേനൽകാലത്ത് പന്തൽ കെട്ടി നഴ്സറികൾക്ക് ഭാഗികമായി തണൽ നൽകുകയും തൈകളുടെ ചുവട്ടിൽ പുതയിടുകയും വേണം. ആവശ്യത്തിന് നനച്ചുകൊടുത്തും നഴ്സറിതൈകളെ വേനൽചൂടിൽ നിന്ന് സംരക്ഷിക്കാം.

2. ***വേനൽ കൂടുതലായി ബാധിക്കുന്ന സ്ഥലങ്ങളിൽ തൈകൾ നടുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?***

   ഒട്ടുകണ്ണ് വടക്കോട്ടോ കിഴക്കോട്ടോ തിരിഞ്ഞിരിക്കുന്ന വിധത്തിൽ തൈകൾ നട്ടാൽ തീഷ്ണമായ തെക്കുപടിഞ്ഞാറൻ സൂര്യരശ്മികൾ പതിച്ച് ഒട്ടുകണ്ണുകൾക്ക് ക്ഷതമേൽക്കാതിരിക്കാൻ സഹായിക്കും.

3. ***റബ്ബർതൈകൾക്ക് തണൽ നൽകേണ്ടത് എപ്പോഴാണ്? ഇതിന് എന്തൊക്കെ വസ്തുക്കൾ ഉപയോഗിക്കാം?***

   നഴ്സറികളിൽനിന്ന് കൃഷിയിടത്തിലേക്ക് മാറ്റിനടുന്ന തൈകൾക്ക് ഡിസംബർ-ജനുവരി മാസത്തോടെ തണൽ നൽകണം. ചെറുതൈകളുടെ തെക്കുപടിഞ്ഞാറുവശം മറച്ചു കൊടുക്കുന്നത് സൂര്യാഘാതം കുറയ്ക്കാൻ സഹായിക്കും. ഇതിനായി തെങ്ങോല, കമുകിൻപട്ട, ചാക്കുകൾ, ഉപയോഗശൂന്യമായ തുണികൾ എന്നിവയെല്ലാം ഉപയോഗിക്കാവുന്നതാണ്.

4. ***റബ്ബർതൈകൾക്ക് പുതിയിടുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?***

   കളകളുടെ വളർച്ച തടയാനും മണ്ണിലെ ഈർപ്പവും ജൈവാംശവും വർദ്ധിപ്പിക്കാനും പുതിയിടുന്നത് സഹായിക്കുന്നു. ഉണങ്ങിയ കളകൾ, കരിയില, തോട്ടപ്പയറിന്റെ തണ്ടുകൾ, ചപ്പുചവറുകൾ തുടങ്ങിയവയെല്ലാം തൈകൾക്ക് പുതയിടുന്നതിനുപയോഗിക്കാം. നന്നായി ഉണങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് വേണം പുതയിടാൻ. വേനൽകാലം തുടങ്ങുന്നതിന് തൊട്ടുമുമ്പ് പുതയിടൽ പൂർത്തിയാക്കണം.

5. ***ടാപ്പുചെയ്യുന്ന മരങ്ങൾക്ക് എന്തെല്ലാം വേനൽകാലസംരക്ഷണങ്ങളാണ് നൽകേണ്ടത്?***

   ടാപ്പുചെയ്യുന്ന മരങ്ങളുടെ വെട്ടുപട്ടയിൽ വേനലിനെ ചെറുക്കാനായി പ്രത്യേകിച്ചൊന്നും പുരട്ടേണ്ടതില്ല. തോട്ടത്തിന്റെ അതിരിൽ (തെക്കുവശത്തും പടിഞ്ഞാറുവശത്തും) നിൽക്കുന്ന മരങ്ങളിൽ വെയിലടിക്കുന്നുണ്ടെങ്കിൽ ആ ഭാഗത്ത് മാത്രം ചുണ്ണാമ്പുപയോഗിച്ച് വെള്ള പൂശിയാൽ മതി. വേനൽകാലത്ത് റബ്ബർകോട്ടുപോലുള്ള, ചൂട് ആഗിരണം ചെയ്യുന്ന കറുത്ത വസ്തുക്കൾ പട്ടയിൽ പുരട്ടുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും.



*ബിജു ജോസഫ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

## തേനീച്ചവളർത്തൽ – തേൻവിളവെടുപ്പ്

1. ***പുതുതായി തേനീച്ചവളർത്തൽ ആരംഭിക്കുന്നവർ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?***

തേനീച്ചവളർത്തലിൽ താൽപര്യമുള്ളവർ തേനീച്ച വളർത്തൽ പരിശീലനപരിപാടികളിൽ പങ്കെടുത്ത് പരമാവധി കാര്യങ്ങൾ മനസ്സിലാക്കുക. തുടക്കത്തിൽ ഒന്നോ രണ്ടോ പെട്ടികൾ മാത്രം സ്ഥാപിച്ച് പിന്നീട് പെട്ടികളുടെ എണ്ണം ക്രമേണ വർദ്ധിപ്പിക്കാം.

2. ***ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ എത്ര തേനീച്ച ക്കോളനികൾ സ്ഥാപിക്കാം?***

ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ ശരാശരി 20 വരെ തേനീച്ചപ്പെട്ടികൾ സ്ഥാപിക്കാം.

3. ***തേനീച്ചക്കോളനികൾ വിഭജിക്കുമ്പോൾ എന്തെ ല്ലാം ശ്രദ്ധിക്കണം?***

കോളനിയിൽ ആവശ്യത്തിന് ഈച്ചകളും നാല് അട യെങ്കിലും നിറയെ ലാർവയും പ്യൂപ്പയും ഉണ്ടായി രിക്കണം. രണ്ടു കൂട്ടിലെയും ഈച്ചകളുടെ എണ്ണം തുല്യമാകക്കത്തക്ക രീതിയിൽ വേണം വിഭജിക്കാൻ. റാണിയുള്ള കൂട് അര കിലോമീറ്ററെങ്കിലും ദൂരത്ത് മാറ്റി സ്ഥാപിക്കണം.

4. ***തേനീച്ചകൾ കൂടൊഴിഞ്ഞു പോകുന്നതിനുള്ള കാരണമെന്താണ്?***

അടകളിൽ ലാർവ, പ്യൂപ്പ എന്നിവയില്ലാതാകുമ്പോ ഴാണ് തേനീച്ചകൾ സാധാരണമായി കൂടൊഴിഞ്ഞു പോകുന്നത്. ഭക്ഷണക്ഷാമം, ഉറുമ്പുകളുടെ ശല്യം, രോഗങ്ങൾ തുടങ്ങിയവ മൂലവും തേനീച്ചകൾ കൂടു വിട്ട് പോകാറുണ്ട്.

5. ***എന്തുകൊണ്ടാണ് റാണിയെ പുതുക്കണമെന്ന് പറയുന്നത്? എപ്പോഴാണ് പുതുക്കേണ്ടത്?***

പ്രായം കൂടുന്നതിനനുസരിച്ച് ഉത്പാദനക്ഷമത കു റയുന്നതിനാലാണ് റാണിയെ പുതുക്കണമെന്ന് പറയുന്നത്. തേൻകാലത്തിന് മുമ്പായാണ് റാണിയെ പുതുക്കേണ്ടത്. പഴയ റാണിയെ മാറ്റി പുതിയ റാ ണിസെൽ സ്ഥാപിച്ച് വിരിയിച്ചെടുക്കണം.

6. ***തേനിൽ പഞ്ചസാരത്തരിപോലെ രൂപപ്പെട്ടുവരുന്ന ത് എന്തുകൊണ്ടാണ്?***

ശുദ്ധമായ തേനിൽ കാലക്രമേണ സംഭവിക്കുന്ന ഒരു പ്രക്രിയയാണ് തേൻ കട്ടയാകൽ. (honey crystallisation). ഗാഢത കൂടിയ തേൻ, ഫ്രക്ടോസ് ഗ്ലൂക്കോസ് റേഷ്യോ, തണുപ്പ് കൂടിയ സ്ഥലങ്ങളിൽ സൂക്ഷിക്കുന്നത് ഇവയെല്ലാം ക്രിസ്റ്റലാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. അങ്ങനെ സംഭവിച്ചാൽ തേൻ വെയിൽ കൊള്ളിക്കുകയോ അല്ലെങ്കിൽ ഡബിൾ ബോയിലിങ് രീതിയിൽ വെ ള്ളത്തിൽ ഇറക്കിവെച്ച് നേരിയതോതിൽ ചൂടാക്കി യോ പഴയ അവസ്ഥയിൽ തിരികെ എത്തിക്കാം.

7. ***തേനീച്ചവളർത്തലിന് ധനസഹായം ലഭ്യമാണോ?***

സംസ്ഥാനസർക്കാർ ഹോർട്ടികോർപ്പ് മുഖേന തേ നീച്ചവളർത്തലിന് ധനസഹായം നൽകുന്നുണ്ട്. സമീപത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ടാൽ കൂ ടുതൽ വിവരങ്ങൾ അറിയാൻ കഴിയും.

തയ്യാറാക്കിയത്

**ആൻസമ്മ ജോർജ്ജ്**
(ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ – ഇൻ പരിപാടി



### ക്രൗൺബഡ്ഡിങ്

റബ്ബറിലെ ഇലരോഗങ്ങളെ ചെറുക്കാൻ ഉപകരിക്കുന്ന ക്രൗൺബഡ്ഡിങ് രീതിയെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2023 ഫെബ്രുവരി 15 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് മറുപടി പറയും.


### റബ്ബർ നടീലിനായുള്ള മുന്നൊരുക്കങ്ങൾ

റബ്ബർ ആവർത്തനക്കൃഷിക്കും പുതുക്കൃഷിക്കുമായി നിലമൊരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2023 മാർച്ച് 8 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഷെറിൻ ജോർജ് മറുപടി പറയും.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2023 മാർച്ച് മാസത്തെ പരിശീലനപരിപാടികൾ

1. **സ്പ്രേയറുകൾ**
   സ്പ്രേയറുകളുടെ ഉപയോഗം, പരിപാലനം എന്നിവയെക്കുറിച്ച് അറിവ് നൽകുന്നതിനുള്ള ഏകദിന പരിശീലനം (ഓൺലൈൻ) 2023 മാർച്ച് 03-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
2. **തേനീച്ചവളർത്തൽ**
   റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) 2023 മാർച്ച് 06-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
3. **ഇടവേള കൂടിയ ടാപ്പിങ്**
   വിവിധ തരത്തിലുള്ള ഇടവേള കൂടിയ ടാപ്പിങ്രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധപ്രയോഗം, എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം 2023 മാർച്ച് 07-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).
4. **കാർഷികരീതികൾ**
   നല്ല കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിൽ പരിശീലനം (ഓൺലൈൻ) 2023



മാർച്ച് 09-ന് നടക്കും. റബ്ബർതോട്ടങ്ങളിൽ നല്ല കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ കോഴ്സിന് അപേക്ഷിക്കാം. പരിശീലനഫീസ് 375 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**5. റബ്ബർകൃഷി**

റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാലപരിശീലനം 2023 മാർച്ച് 13 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽ സമ്പ്രദായങ്ങൾ, വളമിടീൽ, രോഗകീടങ്ങളുടെ നിയന്ത്രണമാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനഫീസ് 2000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**6. ഉണക്കറബ്ബർ നിർണയം**

റബ്ബർപാലിലെ ഉണക്കറബ്ബർ പരിശോധിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം 2023 മാർച്ച് 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353201 (വ്യവസായം), 04812351313 (കൃഷി) ബന്ധപ്പെടുക.



# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2023 ജനുവരി 1 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ജനുവരി 2 | 13750 | 13250 | 9035 | 13750 | 13250 | അവധി | അവധി |
| 2023 ജനുവരി 3 | 13750 | 13300 | 9035 | 13750 | 13300 | 13490 | 13419 |
| 2023 ജനുവരി 4 | 13800 | 13400 | 9090 | 13800 | 13400 | 13628 | 13556 |
| 2023 ജനുവരി 5 | 13800 | 13400 | 9090 | 13800 | 13400 | 13710 | 13637 |
| 2023 ജനുവരി 6 | 13750 | 13450 | 9140 | 13750 | 13450 | 13680 | 13607 |
| 2023 ജനുവരി 7 | 13750 | 13450 | അവധി | 13750 | 13450 | അവധി | അവധി |
| 2023 ജനുവരി 8 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ജനുവരി 9 | 13750 | 13500 | 9245 | 13750 | 13500 | 13650 | 13577 |
| 2023 ജനുവരി 10 | 13800 | 13500 | 9300 | 13800 | 13500 | 13803 | 13730 |
| 2023 ജനുവരി 11 | 13900 | 13600 | 9300 | 13900 | 13600 | 13816 | 13742 |
| 2023 ജനുവരി 12 | 14000 | 13600 | 9405 | 14000 | 13600 | 13722 | 13649 |
| 2023 ജനുവരി 13 | 14000 | 13600 | 9405 | 14000 | 13600 | 13771 | 13698 |
| 2023 ജനുവരി 14 | 13950 | 13600 | അവധി | 13950 | 13600 | അവധി | അവധി |
| 2023 ജനുവരി 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ജനുവരി 16 | 13950 | 13600 | 9405 | 13950 | 13600 | 13772 | 13698 |
| 2023 ജനുവരി 17 | 14000 | 13700 | 9405 | 14000 | 13700 | 14000 | 13926 |
| 2023 ജനുവരി 18 | 14100 | 13700 | 9405 | 14100 | 13700 | 14085 | 14011 |
| 2023 ജനുവരി 19 | 14100 | 13800 | 9455 | 14100 | 13800 | 14235 | 14160 |
| 2023 ജനുവരി 20 | 14100 | 13800 | 9455 | 14100 | 13800 | 14229 | 14155 |
| 2023 ജനുവരി 21 | 14100 | 13800 | അവധി | 14100 | 13800 | അവധി | അവധി |
| 2023 ജനുവരി 22 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ജനുവരി 23 | 14150 | 13850 | 9455 | 14150 | 13850 | 14559 | 14485 |
| 2023 ജനുവരി 24 | 14200 | 13900 | 9455 | 14200 | 13900 | 14833 | 14758 |
| 2023 ജനുവരി 25 | 14250 | 13950 | 9565 | 14250 | 13950 | 15166 | 15091 |
| 2023 ജനുവരി 26 | അവധി | അവധി | അവധി | അവധി | അവധി | 14851 | 14780 |
| 2023 ജനുവരി 27 | 14250 | 14000 | 9565 | 14250 | 14000 | 15508 | 15433 |
| 2023 ജനുവരി 28 | 14250 | 14000 | അവധി | 14250 | 14000 | അവധി | അവധി |
| 2023 ജനുവരി 29 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ജനുവരി 30 | 14250 | 14000 | 9615 | 14250 | 14000 | 15403 | 15328 |
| 2023 ജനുവരി 31 | 14200 | 13950 | 9615 | 14200 | 13950 | 15364 | 15289 |
| **ശരാശരി** | **13996** | **13668** | **9354** | **13996** | **13668** | **14251** | **14178** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*


# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഒക്ടോബർ 2022 | ഒക്ടോബർ 2021 | ഏപ്രിൽ 2022 മുതൽ ഒക്ടോബർ 2022 വരെ | ഏപ്രിൽ 2021 മുതൽ ഒക്ടോബർ 2021 വരെ | ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 60200 | 38500 | 264130 | 242650 | 491090 | |
| ബ്ലോക്കുറബ്ബർ | 14750 | 12500 | 92460 | 80740 | 155125 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9200 | 9750 | 57330 | 53690 | 109250 | |
| മറ്റുള്ളവ | 1850 | 1250 | 11080 | 9920 | 19535 | |
| ആകെ | 86000 | 62000 | 425000 | 387000 | 775000 | 9.8 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 43375 | 44610 | 320865 | 314690 | 516275 | |
| ബ്ലോക്കുറബ്ബർ | 50750 | 47500 | 393135 | 344090 | 594160 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 8250 | 8750 | 54795 | 57405 | 100050 | |
| മറ്റുള്ളവ | 2625 | 2140 | 19205 | 16815 | 27515 | |
| ആകെ | 105000 | 103000 | 788000 | 733000 | 1238000 | 7.5 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 74107 | 76040 | 558953 | 540107 | 904574 | 3.5 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 50023 | 48015 | 331614 | 284613 | 546369 | |
| കയറ്റുമതി (p) | 66 | 449 | 1571 | 2870 | 3560 | |
| **2022 ഒക്ടോബർ അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | | |
| കർഷകർ | | 120000 | ഷീറ്റുറബ്ബർ | | | 231785 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 129000 | ബ്ലോക്കുറബ്ബർ | | | 94935 |
| ടയർ നിർമ്മാതാക്കൾ (c) | | 99000 | റബ്ബർപാൽ (ഡിആർസി) | | | 27800 |
| മറ്റു വ്യവസായികൾ | | 39000 | മറ്റുള്ളവ | | | 32480 |
| ആകെ | | 387000 | ആകെ | | | 387000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ,

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*


ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.

Anna Industries
കർഷകർക്ക് വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്






ഉത്പാദന വിതരണ രംഗത്ത്
42 വർഷം !
ORGANIC 100%
അനുകരിക്കാൻ കഴിയാത്ത ഗുണമേന്മ
CBC റബ്ബർ മിക്സ് ജൈവവളം
ജൈവകീടനാശിനി അടങ്ങിയത്
42 Years of Excellence
The South Indian Fertilizers
Basic Formula by
R HELI (Late)
Former Director of Agricultural Kerala state
സാങ്കേതിക ഉപദേശം
Sri.K.K. Soman
Retd.Dy. Director Soil Survey
(Late) Dr. R. Kothanda Raman
Retd.Dy. Director Rubber Board
CBC ബ്രാൻഡ് ജൈവവളങ്ങൾ ഓരോ വിളകൾക്കും
പ്രത്യേകം പ്രത്യേകം തയ്യാർ ചെയ്യപ്പെടുന്നു.
COCONUT MIX, NUTMEG, PLANTAIN SPECIAL, CARDAMOM, ARECANUT, PEPPER
sif
South Indian Fertilizers
IDA, Edayar, P.O. Binanipuram, Kochi - 683 502, Kerala.
Email: sif@sif.in, Web : www.sif.in Ph: 9947773620
Estd. 1979
വിത്തു മുതൽ വിള വരെ കർഷകർക്കൊരു കൈത്താങ്ങായി
കർഷകർക്കാവശ്യമായ എന്തും ഏതും ഒരു കുടക്കീഴിൽ...
ഫ്രാഞ്ചൈസികൾക്ക് ബന്ധപ്പെടുക
9497165620, 9847902316
ഒരു സൗത്ത് ഇന്ത്യൻ സ്ഥാപനം
किसान केन्द्र
കിസാൻ കേന്ദ്ര
AGRI SUPER MARKET

RUBBER MONTHLY (MALAYALAM )
Published on 11 February 2023
RNI. 7842/65

Registered KL / KTM/ 44 / 2021-23
Licence No. KL / CR / KTM / WPP-30 / 2021-23
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad